

എല്ലാവർക്കുമായി തുറന്നിരിക്കുന്ന ദേവാലയത്തിനായി

ഞങ്ങൾ സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു; സുവിശേഷം പ്രഘോഷിക്കുന്നതിൽ എന്നും വിശ്വസ്തരും ധീരരുമായ, സഭ ഐക്യദാർഢ്യത്തിന്റെയും സാഹോദര്യത്തിന്റെയും സ്വാഗതത്തിന്റെയും സമൂഹമാകട്ടെ, സിനഡാലിറ്റിയുടെ അന്തരീക്ഷത്തിൽ ജീവിക്കട്ടെ.

- ഫ്രാൻസിസ് പാപ്പയുടെ പ്രാർത്ഥനാനിയോഗം ഒക്ടോബർ 2022

# വത്തിക്കാൻ തരംഗം

Vol No.32 No.10 October 2022 കെസിബിസി മീഡിയ Rs.5.00

# MSST സന്യാസിനി സമൂഹം
# പൊന്തിഫിക്കൽ
# പദവിയിൽ







ഉണ്ണിയേശുവിന്റെ
വിശുദ്ധ കൊച്ചുത്രേസ്യയുടെ
മിഷണറി സന്യാസിനീസഭയുടെ
ആത്മീയ, സാമൂഹിക,
സാംസ്കാരിക ശുശ്രൂഷകൾക്ക്
പരിശുദ്ധ സിംഹാസനത്തിന്റെ
അംഗീകാരം

വിദ്യാഭ്യാസ, ആതുര ശുശ്രൂഷ,
മതബോധനം, ഹോം മിഷൻ,
മൂല്യാധിഷ്ഠിത വിദ്യാഭ്യാസം
തുടങ്ങിയ വ്യത്യസ്ത
മേഖലകളിലെ ഇടപെടലിനുള്ള
പൊന്തിഫിക്കൽ പദവി



കൊല്ലം ബിഷപ്പായിരുന്ന
അഭിവന്ദ്യ ജെറോം
പിതാവ് സ്ഥാപിച്ച
ഏക സന്യാസിനീ
സഭയാണ്
MSST



ഏവരുടെയും പ്രാർത്ഥനകൾക്ക്
നന്ദി
മദർ ശാന്തി ആന്റണിയും
(സുപ്പീരിയർ ജനറൽ)
MSST സഹോദരിമാരും

MSST Generalate
Industrial Estate
Umayanalloor P.O.
Kollam 691 589



വത്തിക്കാൻ തരംഗം

VATHICAN THARANGAM

October- 2022

RN. 55 178/94

പുസ്തകം- 32

Monthly

ലക്കം-10


# ഉള്ളടക്കം


- എഡിറ്റോറിയൽ 4
- സിനഡാലിറ്റിയിലേക്കുള്ള യാത്ര...5
- ഗൾഫിലെ സഭ ... 12
- ദൈവസ്നേഹത്തിന്റെ ... 15
- പ്രാർത്ഥന : വിശ്വാസത്തിന്റെ ... 20
- ഗ കണ്ടെത്തണം നാം ... 22
- ഉണ്ണിയേശു കൂടെയുണ്ട് ... 24
- ബ്രദർ നേഴ്സ് ... 29
- ക്രിസ്തുരാജൻ ... 31
- അണയുന്നില്ല ... 33
- വാർത്തയും ചിന്തയും 34



*മുഖ്യരക്ഷാധികാരി*

- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*

- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* • ഡോ. എബ്രാഹം ഇരിമ്പിനിക്കൽ

*എഡിറ്റർ* • ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ • ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡൈ്വസർ* • അഡ്വ . റെനിൽ ആന്റോ

*ലേ ഔട്ട് & ഡിസൈൻ* • മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media POC Palarivattom, Kochi 682025. Tel: 0484- 2806227

email :vaticantharangam@gmail.com whatsapp No : 82810 54656



POPE FRANCIS
KINGDOM OF BAHRAIN
3 - 6 NOVEMBER 2022

# നമുക്ക് ചീന്തിയെറിയാം ആഗോളവത്ക്കരണത്തിന്റെ നിസ്സംഗതയുടെ ചിറകുകൾ

"എല്ലാവരും സഹോദരർ' എന്ന ചാക്രിക ലേഖനത്തിന്റെ ആമുഖഭാഗങ്ങളിൽ ആഗോളവത്ക്കരണം നമുക്ക് ചുറ്റും തീർക്കുന്ന സാമൂഹിക തി•കളുടെ നിഴൽ രൂപങ്ങളെ ഫ്രാൻസിസ് പാപ്പ അനാവരണം ചെയ്യുകയുണ്ടായി. ആഗോളവത്ക്കരണം നമ്മെ അയൽക്കാരാക്കുന്നുണ്ടെങ്കിലും നമ്മെ സഹോദരരാക്കുന്നതിൽ ദയനീയമായി പരാജയപ്പെട്ടുവെന്നായിരുന്നു പാപ്പയുടെ പ്രതികരണം. സഹോദര്യത്തിന്റെ പുതിയ സ്നേഹഭൂമികകൾ കണ്ടെത്താനാണ് പാപ്പയുടെ അപ്പസ്തോലിക പര്യടനങ്ങൾ. 2022 നവബർ 3 മുതൽ 6 വരെ ഫ്രാൻസിസ് പാപ്പ ഗൾഫ് രാജ്യമായ ബഹ്റൈൻ സന്ദർശിക്കുകയാണ്. കിഴക്കും പടിഞ്ഞാറും– മനുഷ്യരുടെ സഹവർത്തിത്വം എന്ന ആശയപാതയിലൂടെയാണ് പാപ്പയുടെ ഈ യാത്രയെന്ന് വത്തിക്കാൻ വിശദീകരിക്കുകയുണ്ടായി.

ഹൃദയ തുറവിയുള്ളവരുടെ കൂടിവരവിലേക്ക് ഏവരെയും സ്വാഗതം ചെയ്യാനുള്ള ദൗത്യത്തിലാണ് കെസിബിസി മീഡിയ കമ്മീഷൻ ഏർപ്പെട്ടിരിക്കുന്നതെന്ന് പറയാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്. പ്രൊഫഷണൽ നാടകമേളയുടെ വിജയം, പിഒസിയിൽ വന്നു ചേർന്ന മികച്ച നാടകാസ്വാദകരുടേതാണെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. "പ്രതിമാസം പിഒസി' എന്ന വിശേഷണത്തോടെ ഒക്ടോബർ 29ന് നടത്തിയ കാളിദാസകലാകേന്ദ്രത്തിന്റെ നാടകം കാണാനെത്തിയവർ, കോവിഡാനന്തര കാലഘട്ടത്തിൽ മനുഷ്യർ ഒറ്റപ്പെട്ട തുരുത്തുകളായി കഴിയാൻ ആഗ്രഹിക്കുന്നില്ലെന്ന സുസ്മേര സന്ദേശമാണ് നൽകിയത്. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അനുഗ്രഹാശിസുകളോടെ മീഡിയ കമ്മീഷൻ പുതിയ സാമൂഹിക കൂടിവരവുകൾക്കായി സ്നേഹകൂടാരമൊരുക്കുന്നതിൽ പ്രതിജ്ഞാബദ്ധരാണ്.



ഫ്രാൻസിസ് പാപ്പയുടെ ബഹ്റൈൻ സന്ദർശനത്തിലൂടെ ലോകമെങ്ങും ചിറകുവിടർത്തുന്ന ആഗോളവത്കൃതമായ നിസ്സംഗതയിൽ നിന്ന് മാനവരാശിക്ക് മോചനം നൽകാനുള്ള പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ



TOWARDS A SPIRITUALITY FOR SYNODALITY

# സിനഡാലിറ്റിയിലേക്കുള്ള യാത്ര സാവകാശമാകണം; സിനഡ് 2024 വരെ നീട്ടി മാർപാപ്പ

SPECIAL REPORT

**ബാബു കദളിക്കാട്**



വത്തിക്കാൻ സിറ്റി: സിനഡാലിറ്റിയെ കുറിച്ചുള്ള സിനഡ് 2024 വരെ നീട്ടിക്കൊണ്ട് ഫ്രാൻസിസ് മാർപാപ്പയുടെ സുപ്രധാന തീരുമാനം. സിനഡ് രണ്ടു ഘട്ടങ്ങളായി തിരിച്ച് ആദ്യത്തേത് 2023 ഒക്ടോബറിലും രണ്ടാമത്തേത് 2024 ഒക്ടോബറിലും നടത്തും. സിനഡൽ പ്രക്രിയയുടെ പൂർണമായ ഫലമെടുക്കണമെങ്കിൽ തിരക്ക് ഒഴിവാക്കേണ്ടതുണ്ടെന്നും ചർച്ചകൾ സ്വസ്ഥമായി നടത്തേണ്ടതാവശ്യമാണെന്നും പാപ്പാ വ്യക്തമാക്കി.

സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ മദ്ധ്യാഹ്ന പ്രാർത്ഥനയ്ക്കിടെ തീർഥാടകരെ അഭിസംബോധന ചെയ്യുവേയായിരുന്നു ഇതു സംബന്ധിച്ച പാപ്പായുടെ പ്രഖ്യാപനം.സഭയുടെ ഘടനാപരമായ ഒരു മാനമാണു സിനഡാലിറ്റിയെന്നു മനസ്സിലാക്കാൻ ഈ തീരുമാനം സഹായിക്കും. സുവിശേഷത്തിന്റെ ആനന്ദം പ്രഘോഷിക്കുന്ന സഹോദരങ്ങളുടെ ഒരു യാത്രയാണിതെന്നും പാപ്പാ വ്യക്തമാക്കി. എല്ലാ സഭാംഗങ്ങളുടെയും പ്രതികരണങ്ങളും അഭിപ്രായങ്ങളും പ്രാദേശിക രൂപതകളിലൂടെ സമാഹരിച്ചുകൊണ്ട് 2021 ഒക്ടോബറിലാണ് സിനഡാലിറ്റിയെ കുറിച്ചുള്ള സിനഡൽ പ്രക്രിയയ്ക്കു മാർപാപ്പ തുടക്കമിട്ടത്. സമാപനമായ ആഗോളഘട്ടം എന്നു വിശേഷിപ്പിക്കാവുന്ന മെത്രാൻ സിനഡിന്റെ പതിനാറാമത് സാധാരണ പൊതുസമ്മേളനത്തിന്റെ ആദ്യഭാഗമാണ് 2023 ഒക്ടോബറിലേത്. രണ്ടാം ഭാഗം 2024 ഒക്ടോബറിലും.

## ഒരേ സിനഡിൽ, ഒന്നിലധികം സെക്ഷനുകൾ

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സിനഡിൽനിന്ന് ഇതിനകം നിരവധി സദ്ഫലങ്ങൾ ഉണ്ടായതായി മാർപാപ്പ പറഞ്ഞു. എന്നാൽ അവ പൂർണമായും വിവേചിച്ചറിയാൻ കൂടുതൽ സമയം ആവശ്യമാണെന്നും ദീർഘിപ്പിക്കാനുള്ള നടപടി സിനഡാലിറ്റിയെ കൂടുതൽ മനസിലാക്കുന്നതിന് അനുകൂലമാകുമെന്ന് പ്രതീക്ഷിക്കുന്നതായും മാർപാപ്പ അറിയിച്ചു. 'സുവിശേഷത്തിന്റെ സന്തോഷം സഹോദരീസഹോദരന്മാരെന്ന നിലയിൽ പ്രഘോഷിക്കാൻ എല്ലാവരെയും ഇത് സഹായിക്കും.' മാർപാപ്പയുടെ പ്രഖ്യാപനം സംബന്ധിച്ച അനുബന്ധ വിവരങ്ങൾ വിശദീകരിച്ച് സിനഡ് ജനറൽ സെക്രട്ടേറിയറ്റ് പത്രക്കുറിപ്പ് പുറത്തിറക്കി. ഒരേ സിനഡിൽ ഒന്നിലധികം സെഷനുകൾക്കുള്ള സാധ്യതയെ അപ്പസ്തോലിക ഭരണഘടന അനുവദിക്കുന്നുണ്ടെന്ന് കുറിപ്പിൽ പറയുന്നു.

സിനഡ് പ്രമേയത്തിന്റെ വിശാലതയും പ്രാധാന്യവും നിമിത്തം സിനഡൽ അസംബ്ലിയിലെ അംഗങ്ങൾക്കു മാത്രമല്ല, മുഴുവൻ സഭയ്ക്കും ഇത് സുദീർഘമായ വിവേചന വിഷയമായിരിക്കണമെന്ന ആഗ്രഹത്തിൽ നിന്നാണ് പുതിയ തീരുമാനം ഉടലെടുത്തതെന്നും പത്രക്കുറിപ്പ് ചൂണ്ടിക്കാട്ടി.
ഈ തീരുമാനം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സിനഡിന് ഏറ്റവും അനുയോജ്യമാണ്. പരിശുദ്ധാത്മാവ് എന്താണെന്ന് തിരിച്ചറിയാൻ സഹായിക്കുന്നതിലേക്ക് ഒരുമിച്ച് നടക്കാൻ മുഴുവൻ ദൈവജനത്തെയും വിളിക്കുന്ന ഒരു പ്രക്രിയയാണിത്. ഒരു വർഷത്തിലേറെ നീണ്ടുനിൽക്കുന്ന സെഷനുകളിലൂടെ കൂടുതൽ പക്വമായ പ്രതിഫലനം വളർത്തിയെടുക്കുകയാണ് ലക്ഷ്യം. ബിഷപ്പുമാരുടെ സിനഡിന്റെ 16–ാമത് ഓർഡിനറി ജനറൽ അസംബ്ലിയുടെ രണ്ട് സെഷനുകൾ 2023 ഒക്ടോബർ 4 മുതൽ 29 വരെ നടക്കുമെന്നും ജനറൽ സെക്രട്ടേറിയറ്റ് അറിയിച്ചു.

## സാവാധാനമാണെങ്കിലും സ്വപ്നം യഥാർത്ഥ്യമാക്കാണം

വത്തിക്കാൻ ന്യൂസിന്റെ പത്രാധിപസമിതി അദ്ധ്യക്ഷൻ അന്ത്രേയാ തോർണിയെല്ലി പറയുന്നു: പ്രേഷിത ദൗത്യത്തിലുള്ള വർദ്ധിച്ച പങ്കു ചേരലിൽ ശ്രദ്ധയൂന്നി എല്ലാവരേയും ഉൾക്കൊള്ളിക്കാനുള്ള സഭയുടെ പ്രതിബദ്ധതയാണ് സിനഡിനെ വിപുലീകരിക്കാനുള്ള ഫ്രാൻസിസ് പാപ്പായുടെ തീരുമാനത്തിൽ പ്രതിഫലിക്കുന്നത്.'ഈ ദിശയിലുള്ള യാത്ര മുന്നേറുകയാണ്. സഭയുടെ സാധാരണ ജീവിതം എല്ലാവരുടേയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും രൂപാന്തരപ്പെടുത്താനും, നവീകരിക്കാനും, ക്രൈസ്തവ സമൂഹങ്ങളെ സുവിശേഷത്തോട് എന്നത്തേക്കാളും വിശ്വസ്തരായിരിക്കാൻ സഹായിക്കാനും അതുവഴി എക്കാലത്തേക്കാലുമധികമായി മിഷനറിയായിരിക്കാനുമുള്ളതാണീ യാത്ര.' എത്രമാത്രം ഈ സ്വപ്നം സാവധാനം യാഥാർത്ഥ്യമാകാൻ താൻ താൽപര്യപ്പെടുന്നു എന്ന് ഫ്രാൻസിസ് പാപ്പാ വ്യക്തമാക്കുന്നു പുതിയ പ്രഖ്യാപനത്തിലൂടെ.

മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും അവരുടെ ഇടവക വികാരിമാരോടും സഭാനേതൃത്വത്തോടുമൊപ്പം ഈ യാത്രയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നത് അനുഭവവേദ്യമാക്കാൻ വിവിധ ഭൂഖണ്ഡങ്ങളിലെ സമ്മേളനങ്ങളിൽ നിന്ന് ഇതു വരെ വന്നിട്ടുള്ളതും ഇനി വരാനിരിക്കുന്നതുമായ സംഭാവനകൾ പൂർണ്ണമായും വിവേചിച്ചറിയേണ്ടിയിരിക്കുന്നുവെന്നും അന്ത്രേയാ തോർണിയെല്ലി അഭിപ്രായപ്പെട്ടു. 'എപ്പോഴും പഴമയിലേക്ക് നോക്കിക്കൊണ്ടിരിക്കുകയും പരമ്പരാഗത പ്രവൃത്തികളാലും വീക്ഷണങ്ങളാലും നയിക്കപ്പെട്ട


ആർച്ച് ബിഷപ്സ്
സ്നേഹ ഭവന പദ്ധതി
42 കുടുംബങ്ങൾക്ക് ഭവന
പൂർത്തീകരണ സഹായ
ധന വിതരണം
മോൺസിഞ്ഞോർ
മാത്യു ഇലഞ്ഞിമറ്റം
നിർവഹിക്കുന്നു.
Date : October 31, 2022.
Venue : ESSS Hall
Time : 3.00 pm.
ESSS
എറണാകുളം സോഷ്യൽ സർവീസ് സൊസൈറ്റി
(വരാപ്പുഴ അതിരൂപത)

കയും ചെയ്യുന്നതു മൂലം ഇത്തരം ഒരു വലിയ അവസരം നഷ്ടമാക്കരുത്. ഇതു പോലുള്ള വൈകാരിക നിലപാടുകൾ ദൈവജനത്തിന്റെ വിശ്വാസാരംഭത്തിന്റെ മഹിമയറിയാൻ കൂട്ടാക്കാത്തതും പഴയ കാലത്തെ ഏതെങ്കിലും ഒരു പ്രശ്നത്തെ കേന്ദ്രീകരിക്കുകയും ചെയ്യുകയാണു പതിവ്. അതുവഴി സ്വയം പരാമർശ പ്രത്യയശാസ്ത്ര പോരാട്ടങ്ങളിൽ ചെന്നെത്തുകയും ചെയ്യും.'

## ദൈവത്തിന്റെ കണ്ണുകൾ കൊണ്ട് തന്നെ കാണണം

'സഭയ്ക്ക് ആദ്യം മുകളിൽ നിന്ന് ദൈവത്തിന്റെ കണ്ണുകളിലൂടെ, സ്നേഹം നിറഞ്ഞ് നിൽക്കുന്ന ആ കണ്ണുകളിലൂടെയുള്ള വീക്ഷണമുണ്ടാകണം. ദൈവത്തിൽ നിന്നും നമ്മോടുള്ള അവിടുത്തെ സ്നേഹമാർന്ന നോട്ടത്തിൽ നിന്നുമാണോ ഇതുണ്ടാകുന്നതെന്ന് സഭയിൽ നമുക്ക് സ്വയം ചോദിക്കാം. ദൈവത്തിൽ നിന്നാകാതെ നമ്മിൽ നിന്ന് തുടങ്ങാനും, നമ്മുടെ കാര്യപരിപാടികൾ സുവിശേഷത്തിനു മുമ്പേ വയ്ക്കാനും, ലൗകികതയുടെ കാറ്റിൽപ്പെട്ട് കാലത്തിന്റെ രീതികളുടെ പിന്നാലെ പായാനും അല്ലെങ്കിൽ ദൈവം നമുക്ക് നൽകിയ സമയത്തോടു പിൻതിരിഞ്ഞു നിന്ന് നമ്മുടെ ചുവടുകൾ തിരിച്ചുപിടിക്കാനുമുള്ള പ്രലോഭനം എപ്പോഴും നമുക്കുണ്ട്' എന്നാണ് ഒക്ടോബർ 11 ന് വത്തിക്കാൻ എക്യുമേനിക്കൽ കൗൺസിലിൽ ആരംഭത്തിന്റെ 60 ാം വാർഷികം ആഘോഷിച്ച ദിവ്യബലിയിൽ നടത്തിയ വചന പ്രഘോഷണത്തിൽ ഫ്രാൻസിസ് പാപ്പാ പറഞ്ഞത്.

## സഭയിലെ സിനഡാലിറ്റി ഒരു പ്രക്രിയ

ദൈവത്തിന്റെ സ്നേഹാർദ്രമായ നോട്ടത്താൽ സ്വാഗതം ചെയ്യപ്പെടുകയും, ദൈവത്താൽ പിൻചെല്ലപ്പെടുകയും ചെയ്യുന്നു എന്ന സന്തോഷത്തോടെ ആരംഭിക്കുക എന്നതാണ് സിനഡിനെ മനസ്സിലാക്കാനുള്ള താക്കോൽ. സുവിശേഷം പ്രലോഷിക്കാനായാണ് സഭ നിലകൊള്ളുന്നത്. ഈ ലക്ഷ്യത്തോടെയാണ് എല്ലായ്പ്പോഴും സഭയുടെ സംവിധാനങ്ങൾ നവീകരണത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നത്. സഭയിലെ സിനഡാലിറ്റി ഒരു പ്രക്രിയയാണെന്നും ഒന്നും യഥാർത്ഥ മാറ്റങ്ങൾക്ക് വിധേയമാകാത്ത ചില സഭാ സംവിധാനങ്ങളുടെ ഒരു തിടുക്കം പിടിച്ച പുനർനിർമ്മാണമല്ല അതെന്നും അടിവരയിടുകയായിരുന്നു ഫ്രാൻസിസ് പാപ്പായുടെ പ്രഖ്യാപനം.

സിനഡിന്റെ സമയം നീട്ടുന്നതിനർത്ഥം വ്യക്തികളെക്കാളും ഏറെ പ്രധാനപ്പെട്ടതാണ് ഇതുവരെയുള്ള അതിന്റെ ശൈലികളും പ്രക്രിയകളും ഉയർന്നുവന്ന ആശയങ്ങളും എന്നതു തന്നെ; അതിനാൽ അവയെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു എന്ന അവബോധം വ്യക്തം. പ്രാദേശിക സഭകളിൽ 2021 ൽ ആരംഭിച്ച എല്ലാവരേയും ഉൾക്കൊള്ളിക്കുന്ന പ്രക്രിയ ഇതുവരെ ആകെയുള്ള 114 മെത്രാൻ സമിതികളിൽ 112 ലും ദൈവജനത്തെ ശ്രവിക്കുന്നതിൽ നിന്നുള്ള വിശദമായ വിവേചിച്ചറിയൽ നടത്താൻ ഇടവരുത്തി. ഇത് പ്രത്യാശയാൽ അടയാളപ്പെടുത്തിയ ഒരു തുടക്കമാണെന്ന നിരീക്ഷണമാണുള്ളത്.അമേരിക്കയിൽ രൂപതാതല ഘട്ടത്തിൽ ഏഴ ലക്ഷത്തിലധികം വിശ്വാസികൾ പങ്കെടുത്തതായാണ് കണക്ക്. വൻകര അടിസ്ഥാനത്തിലുള്ള ഘട്ടം അടുത്ത ജനുവരി മുതൽ മാർച്ച് വരെയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

1965 ൽ അന്നത്തെ മാർപ്പാപ്പ പോൾ ആറാമൻ ആരംഭിച്ച മെത്രാൻ സിനഡിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കവേ 2015 ലാണ് ഫ്രാൻസിസ് മാർപ്പാപ്പ ഈ വിപുലമായ സിനഡിനെക്കുറിച്ചുള്ള പ്രഖ്യാപനം നടത്തിയത്. സാർവത്രികസഭയെ നയിക്കുന്നതിൽ

മാർപ്പാപ്പയെ സഹായിക്കുന്നതിനായി ഉപദേശങ്ങൾ നല്കാൻ ചുമതലയുള്ള മെത്രാൻ സമിതിയുടെ സമ്മേളനം എന്ന് സിനഡിനെ അന്ന് പാപ്പാ നിർവചിച്ചു.

'ഏകയോഗമായ ഒരു സഭയ്ക്കായി: കൂട്ടായ്മയും പങ്കാളിത്തവും ദൗത്യവും' (For a Synodal Church: Communion, Participation, and Mission) എന്നതാണ് ഇത്തവണത്തെ സിനഡ് പ്രമേയം 'സിനഡാലിറ്റി' അഥവാ 'എല്ലാ കത്തോലിക്കാ വിശ്വാസികളെയും ഉൾക്കൊള്ളുന്നത് ' എന്നതുതന്നെയാണ് സിനഡിന്റെ കേന്ദ്രബിന്ദു. ഇപ്രകാരം 'സിനഡാലിറ്റി' നിർവചിക്കപ്പെടുമ്പോൾ, അൽമായരും സന്യസ്തരും അജപാലകരും ഉൾപ്പെടെയുള്ള സകലജന സ്പർശിയാകും സിനഡ്. സഭയുടെ അടിത്തട്ടുവരെയുള്ള വിവിധ വിഷയങ്ങൾ കൂട്ടായ ചർച്ചയ്ക്ക് വിഷയമാകുമെന്നാണ് നിരീക്ഷണം. രൂപതാതലം, ഭൂഖണ്ഡതലം, ആഗോളതലം എന്നിങ്ങനെ മൂന്നു ഘട്ടങ്ങളിലും തലങ്ങളിലും ആയിട്ടാണ് സിനഡ് സമ്മേളനങ്ങൾ നടക്കുന്നത്.

**ഒരേ വഴിയിൽ ഒരുമിച്ച് നടക്കാൻ**

സിനഡിന് ആമുഖമായി 2021 ഒക്ടോബർ ഒൻപതിന്, ഫ്രാൻസിസ് പാപ്പ നടത്തിയ ആഹ്വാനത്തിൽ സിനഡിന്റെ ആത്യന്തിക ലക്ഷ്യം എന്നത്, ഒരേ വഴിയിൽ ഒരുമിച്ച് നടക്കുക എന്നതാകണമെന്ന് ഉദ്ബോധിപ്പിച്ചു. കൂട്ടായ്മ, പങ്കാളിത്തം, ദൗത്യം എന്നിവയാണ് ഈ സിനഡിന്റെ താക്കോൽപദങ്ങളെന്നും പാപ്പ ഓർമിപ്പിച്ചു. യാത്രയിൽ കണ്ടുമുട്ടുന്നവരുമായി ആശയസംവാദം നടത്തുന്ന ഈശോയെ തിരുവചനത്തിൽ പാപ്പ ചൂണ്ടിക്കാട്ടി. അവരുടെ ചോദ്യങ്ങൾ യേശു സശ്രദ്ധം ശ്രവിച്ചു. ഈശോയെപ്പോലെ സംവാദകലയിൽ വിദഗ്ധരാകാനാണ് നാമും വിളിക്കപ്പെട്ടിരിക്കുന്നതെന്ന് പാപ്പ ഓർമിപ്പിച്ചു.

**സിനഡ് ആത്മീയമായ വിവേചനത്തിന്റെ യാത്ര**

'മനുഷ്യരുമായുള്ള യഥാർത്ഥ കണ്ടുമുട്ടൽ മറ്റുള്ളവരെ ശ്രദ്ധിക്കുന്നതിലൂടെ മാത്രമേ സംഭവിക്കൂ. യേശു കേൾക്കുന്നത് കേവലം ചെവികളാൽ മാത്രമല്ല, ഹൃദയത്തോടെയാണ്. ഹൃദയത്തോടെ കേൾക്കുന്നതിൽ നാം യേശുവിനെ പിന്തുടരുമ്പോൾ, വിധിക്കപ്പെടുന്നതിനു പകരമായി തങ്ങളെ കേൾക്കുന്നുണ്ടെന്ന ബോധ്യം ആളുകളിൽ വളരും. തങ്ങളുടെ സ്വന്തം അനുഭവങ്ങളും ആത്മീയ യാത്രയും വിവരിക്കാൻ അവർക്ക് സ്വാതന്ത്ര്യം കൈവരും. ആരാധനയിലും പ്രാർത്ഥനയിലും ദൈവവചനവുമായുള്ള സംഭാഷണത്തിലും നടക്കുന്ന ആത്മീയ വിവേചനത്തിന്റെ ഒരു യാത്രയാണ് സിനഡ്. ഈ ദിനങ്ങളിൽ നമുക്ക് ഒരുമിച്ച് ഒരു നല്ല യാത്ര നടത്താം. ആശയ സംവാദവും പരസ്പര ശ്രവണവും അവസാനിപ്പിക്കാനുള്ളതല്ല. ദൈവം നമ്മോട് പറയാൻ ആഗ്രഹിക്കുന്നത് എന്താണെന്ന് അറിയാൻ ശ്രമിക്കാം. നമ്മെ നയിക്കാൻ ആഗ്രഹിക്കുന്ന ദിശയെക്കുറിച്ചും സ്വയം ചോദിച്ചുകൊണ്ടിരിക്കാം. നാം സുവിശേഷത്തെ സ്നേഹിക്കുന്നവരും ആത്മാവിന്റെ ആശ്ചര്യങ്ങളോട് തുറവിയുള്ള തീർത്ഥാടകരുമാകണം- പാപ്പ ഓർമിപ്പിച്ചു.

സിനഡാലിറ്റി നിയമപരമായി മാർപ്പാപ്പയും ബിഷപ്പുമാരും തമ്മിലുള്ള കൂട്ടായ്മയുടെ ബന്ധത്തെ സംബന്ധിച്ചുള്ളതാണെന്നും, എന്നിരുന്നാലും ഇത് എല്ലാ കത്തോലിക്കാ വിശ്വാസികളെയും പങ്കുചേർത്തുകൊണ്ടുള്ളതാണെന്നും പാപ്പാ ചൂണ്ടിക്കാട്ടി. അംഗങ്ങളുടെ തീരുമാനങ്ങൾക്ക് ഭരണനിർവ്വഹണമൂല്യമുള്ള ഒരു പാർലമെന്റ് അല്ല സിനഡെന്നും

ആത്മീയ വിവേചനത്തിന്റെ കാഴ്ചപ്പാടോടുകൂടി പരിശുദ്ധാത്മാവിന്റെ നിർദ്ദേശപ്രകാരം സഭയാകമാനം ആഘോഷിക്കുന്ന ഒരു യാത്രയാണ് ഇതെന്നും പാപ്പാ ഊന്നിപ്പറഞ്ഞു. ഈ സിനഡ് തുറവിയുള്ള സംവാദങ്ങൾക്കും ചർച്ചകൾക്കും വേണ്ടി തുറന്നിട്ടുകവഴി സഭാ സമൂഹത്തെ ഏക മനസും ശരീരവുമാക്കി മാറ്റാനുള്ള അജപാലനപദ്ധതികൾ ഉരുത്തിരിയുന്നതിനു കാതോർക്കുകയാണ് ആഗോള കത്തോലിക്കാ സഭ. 2021 ഒക്ടോബർ 10ന് സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പാപ്പയുടെ മുഖ്യകാർമികത്വത്തിൽ അർപ്പിച്ച ദിവ്യബലിയോടെയാണ് സഭ സിനഡ് ദിനങ്ങളിലേക്ക് ഔദ്യോഗികമായി പ്രവേശിച്ചത്.

## സഭയുടെ നവീകരിച്ച കാനോനിക നിയമം

സഭയുടെ നവീകരിച്ച കാനോന നിയമം സിനഡു സമ്മേളനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അതുപ്രകാരം സിനഡ് പാപ്പായുടെ പരമാധികാരത്തിൻ കീഴിൽ വരുന്ന സഭാ സ്ഥാപനമാണ്. സിനഡ് സമ്മേളനം വിളിച്ചുകൂട്ടുന്നതിനും അത് പിരിച്ചുവിടുന്നതിനും, അതിന്റെ സ്ഥല–കാല പരിധികൾ, വിഷയം എന്നിവ നിശ്ചയിക്കുന്നതിനും, സമ്മേളനത്തിന്റെ തീർപ്പുകൾ പ്രസിദ്ധപ്പെടുത്തുന്നതിനും, അദ്ധ്യക്ഷത വഹിക്കുന്നതിനുമുള്ള അധികാരം പാപ്പായ്ക്കാണ്.

സാധാരണ പൊതുസമ്മേളനം Ordinary General Assembly പ്രത്യേക പൊതുസമ്മേളനം Extraordinary General Assembly, പ്രത്യേക സമ്മേളനം Special Assembly എന്നിവ സിനഡിന്റെ ഭാഗമാണ്. സാധാരണ പൊതുസമ്മേളനം ആഗോളസഭയുടെ പൊതുനന്മ ലക്ഷ്യമാക്കിയുള്ള വിഷയങ്ങൾ പഠിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു. ആഗോള സഭയുടെ അടിയന്തര സ്വഭാവമുള്ള കാര്യങ്ങൾക്കു വേണ്ടിയാണ് സിനഡിന്റെ പ്രത്യേക പൊതുസമ്മേളനം. അതിവേഗം പരിഹാരങ്ങൾ കണ്ടെത്തേണ്ട സഭാ കാര്യങ്ങളാണ് പ്രത്യേക പൊതുസമ്മേളനത്തിൽ വിഷയമാക്കപ്പെടുന്നത്. സിനഡിന്റെ പ്രത്യേക സമ്മേളനം സഭാ പ്രവിശ്യയുടെയോ പ്രാദേശിക സഭയുടെയോ പ്രത്യേക വിഷയങ്ങൾ ചർച്ചചെയ്യുന്നതിനും പഠിക്കുന്നതിനുമാണ് വിളിച്ചു കൂട്ടുന്നത്.

സഭാ പ്രവിശ്യകളിൽനിന്നും പ്രാദേശിക, ദേശിയ സമിതികളാൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളായ മെത്രാന്മാരാണ് 'സിനഡ് പിതാക്കന്മാർ' എന്നു വിശേഷിപ്പിക്കപ്പെടുന്നത്. കൂടാതെ സമർപ്പിത സമൂഹ പ്രതിനിധികളും വിവിധ മേഖലകളിലെ വിദഗ്ധരും നിരീക്ഷകരും, ഓരോ സഭാ പ്രവിശ്യകളിൽനിന്നുമുള്ള അൽമായ പ്രതിനിധികളും, ക്ഷണിക്കപ്പെട്ട ഇതര ക്രൈസ്തവ സഭാ പ്രതിനിധികളും തലവന്മാരും കൂടാതെ, പാപ്പാ നേരിട്ടു ക്ഷണിക്കുന്ന മൂന്നു വ്യക്തികളുമാണ് സിനഡിൽ സന്നിഹിതരാകുന്നത്. ഇതിൽ വോട്ടവകാശമുള്ളത് 'സിനഡ് പിതാക്കന്മാർ'ക്കാണ്. മെത്രാന്മാർക്കു പുറമേ, പ്രാദേശിക സഭ അല്ലെങ്കിൽ ദേശിയ മെത്രാൻ സമിതി സിനഡിനായി തിരഞ്ഞെടുക്കുന്ന സമർപ്പിത സമൂഹങ്ങളുടെ സുപ്പീരിയർ ജനറൽമാരും വോട്ടവകാശമുള്ളവരാണ്.

# ഈശോ നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവതികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശുവിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമായിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ

## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



*നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...*

*ജീസസ് ആന്റ് മേരി സന്യാസസഭ*

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# 'സമാധാന ദൂതൻ' ബഹ്റൈൻ സന്ദർശിക്കുമ്പോൾ

**ജോബി ബേബി, കുവൈറ്റ്**

ഗൾഫിലെ സഭ



ഫ്രാൻസിസ് പാപ്പാ നവംബറിൽ ബഹ്റൈൻ സന്ദർശിക്കുമെന്ന് വത്തിക്കാൻ പത്രം ഓഫിസ് ഡയറക്ടർ മത്തെയോ ബ്രൂണി അറിയിച്ചു.2022 നവംബർ 3 മുതൽ 6 വരെയുള്ള തീയതികളിൽ ഫ്രാൻസിസ് പാപ്പാ ബഹ്റൈനിൽ ആയിരിക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.ബഹ്റൈനിലെ സിവിൽ,സഭാ അധികാരികളുടെ ക്ഷണം സ്വീകരിച്ചാണ്,ഫ്രാൻസിസ് മാർപാപ്പ ഈ വർഷം നവംബർ 3 മുതൽ 6 വരെ ബഹ്റൈൻ രാജ്യത്തിലേക്ക് അപ്പസ്തോലികയാത്ര നടത്തുന്നതെന്ന് സെപ്റ്റംബർ 28 ബുധനാഴ്ച വത്തിക്കാൻ പത്രം ഓഫിസ് വ്യക്തമാക്കി."പരസ്പരസംവാദങ്ങൾക്കായുള്ള ബഹ്റൈൻ ഫോറം: മനുഷ്യസഹവാസത്തിനായി കിഴക്കും പടിഞ്ഞാറും" എന്ന സമ്മേളനത്തിലും പാപ്പാ പങ്കെടുക്കും.ഈ യാത്രയിൽ പാപ്പാ, മനാമ, അവാലി എന്നീ നഗരങ്ങൾ സന്ദർശിക്കും.2014 മെയ് 19–ന് ഫ്രാൻസിസ് പാപ്പാ, ബഹ്റൈൻ രാജാവ് ഹമദ് ബിൻ ഇസ അൽ ഖാലിഫയെ വത്തിക്കാനിൽ സ്വീകരിച്ചിരുന്നു.മധ്യപൂർവ്വദേശത്തെ സമാധാനം, സുസ്ഥിരത, സമാധാനപൂർണമായ സഹവാസം തുടങ്ങിയ വിഷയങ്ങൾ അന്നത്തെ ചർച്ചകളിൽ ഇടംപിടിച്ചിരുന്നു.

ഫ്രാൻസിസ് പാപ്പായുടെ ബഹ്റൈനിലേക്കുള്ള അപ്പസ്തോലിക യാത്രയുടെ ലോഗോയും ആപ്തവാക്യവും പ്രസിദ്ധീകരിച്ചു.വിശുദ്ധ ലൂക്കായുടെ സുവിശേഷം രണ്ടാം അധ്യായം പതിനാലാം വാക്യത്തെ അധികരിച്ചുള്ളതാണ് ഇത്തവണത്തെ അപ്പസ്തോലിക യാത്രയുടെ ആപ്തവാക്യം: "ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം". ബഹ്റൈനിൽ ആദ്യമായാണ് ഒരു മാർപാപ്പാ എത്തുന്നത്.യുദ്ധങ്ങളും സംഘർഷങ്ങളും ലോകസമാധാനത്തിന് തന്നെ ഭീഷണിയായിരിക്കുന്ന ഒരു സമയത്താണ് സമാധാനത്തിന്റെ സന്ദേശവാഹകനായി ഫ്രാൻസിസ് പാപ്പാ തന്റെ മുപ്പത്തിയൊൻപതാമത് അപ്പസ്തോലിക യാത്ര നടത്തുന്നത്.ദൈവത്തിന് മുന്നിലേക്ക് തുറന്നിരിക്കുന്ന രണ്ടു കൈകൾ പോലെ ബഹ്റൈന്റെയും പരിശുദ്ധാസിംഹാസനത്തിന്റെയും പതാകകൾ വരച്ചുചേർത്തിരിക്കുന്നതാണ് ഇത്തവണത്തെ അപ്പസ്തോലിക യാത്രയുടെ ലോഗോ.സഹോദരങ്ങൾ എന്ന നിലയിൽ പരസ്പരസംവാദവും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിശ്ചയദാർഢ്യത്തെക്കുടിയാണ് ഈ ലോഗോ പ്രതിനിധീകരിക്കുന്നത്.സമാധാനത്തിന്റെ അടയാളമായ ഒലിവിലയും ലോഗോയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.ബഹ്റൈൻ രാജ്യം അവിടുത്തെ കത്തോലിക്കാസഭയ്ക്ക് സമ്മാനിച്ച "അറേബ്യയിലെ നമ്മുടെ കന്യക" എന്ന പേരിലുള്ള കത്തീഡ്രലിലെ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യത്തിന് സമർപ്പിച്ചിരിക്കുന്നതിന്റെ അടയാളമായി ഫ്രാൻസിസ് പാപ്പായുടെ പേര് നീല നിറത്തിലാണ് എഴുതിയിരിക്കുന്നത്. യേശുവിന്റെ ജനനത്തിൽ മാലാഖമാർ ആലപിച്ച ഗീതത്തിൽനിന്ന് പ്രേരണയുൾക്കൊണ്ടതാണ് സമാധാനത്തിനായുള്ള ആഹ്വാനം ഉൾക്കൊള്ളുന്ന ഈ യാത്രയുടെ ആപ്തവാക്യം.

സതേൺ അറേബ്യ വികാരിയത്തിന്റെ ഭാഗമായ ബഹറൈൻ ഇതാദ്യമായാണ് പേപ്പൽ പര്യടനത്തിന് സാക്ഷ്യം വഹിക്കാനൊരുങ്ങുന്നത്.നവംബർ മൂന്ന് പ്രാദേശിക സമയം വൈകിട്ട് 4.45ന് അവാലിയിൽ പാപ്പ വിമാനമിറങ്ങും. ബഹറൈൻ രാജാവ് ഷെയ്ഖ് ഹമദ് ബിൻ ഇസ അൽ ഖലീഫയുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം രാജ്യത്തെ പൗരപ്രമുഖരെയും ഭരണാധിപന്മാരെയും പാപ്പ അഭിസംബോധന ചെയ്യും.നാലാം തിയതിയാണ് സമ്മിറ്റിലെ പേപ്പൽ പ്രഭാഷണം. അന്നേ ദിനംതന്നെയാണ് ഔർ ലേഡി ഓഫ് അറേബ്യ കത്തീഡ്രലിലെ ഏക്യുമെനിക്കൽ പ്രാർത്ഥനയ്ക്കായി പാപ്പ ആഗതനാകുന്നതും. അഞ്ചാം തിയതി രാവിലെ 8.30നാണ് നാഷണൽ സ്റ്റേഡിയത്തിലേ പേപ്പൽ ദിവ്യബലി. വൈകിട്ട് 5.00ന് സേക്രട്ട് ഹാർട്ട് സ്കൂളിൽവെച്ച് യുവജനങ്ങളെ പാപ്പ അഭിസംബോധന ചെയ്യും. ബിഷപ്പുമാർ, വൈദീകർ, സമർപ്പിതർ, സെമിനാരി വിദ്യാർത്ഥികൾ എന്നിവർക്കൊപ്പം ആറാം തിയതി രാവിലെ ക്രമീകരിച്ചിരിക്കുന്ന കൂടിക്കാഴ്ചയോടെയാണ് നാലു ദിന പര്യടനത്തിന് സമാപനമാകുക.

രാജ്യത്ത് ആദ്യമായി എത്തുന്ന കത്തോലിക്കാ സഭയുടെ പരമാചാര്യനെ വരവേൽക്കാൻ പേർഷ്യൻ ഗൾഫ് ദ്വീപ് രാഷ്ട്രമായ ബഹറൈൻ ഒരുക്കം തുടങ്ങിക്കഴിഞ്ഞു.ഇസ്ലാമിക രാജ്യമായ ബഹറൈനിൽ 1,70,000 ക്രൈസ്തവരുണ്ടെന്നാണ് കണക്ക്. ഇതിൽ 1,40,000 പേർ കത്തോലിക്കരാണ്.ഇതിൽ ബഹറൈൻ പൗരന്മാരുടെ എണ്ണം 1000 മാത്രമാണ്.ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളിൽനിന്നുള്ള പ്രവാസികളാണ് മറ്റുള്ളവർ.രണ്ട് ഇടവകകൾ മാത്രമുള്ള ബഹറൈനിൽ സന്യസ്ത സഭാംഗങ്ങൾ ഉൾപ്പെടെ 20 വൈദികർ ശുശ്രൂഷ ചെയ്യുന്നുണ്ട്.



"ഡോൺ ബോസ്കോയുടെ സലേഷ്യൻ കുടുംബത്തിൽ വൈദികനാകാതെ ബ്രദറായി ആതുരശുശ്രൂഷയിൽ മുഴുകിയ ആർട്ടിമെഡിസ് സാത്തി 2022 ഒക്ടേബർ ഒമ്പതിന് വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു"

# ആർട്ടിമെഡിസ് സാത്തി വിശുദ്ധ പദവിയിൽ

2022 ഒക്ടോബർ 9 നു വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് അങ്കണത്തിൽ വാഴ്ത്തപ്പെട്ട ആർട്ടിമെഡിസ് സാത്തിയെ ഫ്രാൻസിസ് മാർപാപ്പ വിശുദ്ധനായി പ്രഖ്യാപിച്ചപ്പോൾ, ആഗോള കത്തോലിക്കാ സഭയ്ക്ക്, പ്രത്യേകിച്ച് ഡോൺ ബോസ്കോ പ്രസ്ഥാനങ്ങൾക്ക് സന്തോഷത്തിന്റെ നിമിഷങ്ങളാണ് സമ്മാനിക്കുക. സലേഷ്യൻ സഭയുടെ സുപ്പീരിയർ ജനറൽ ഫാ. ആംഗെൽ ഫെർണാണ്ടസ് ഈ സംഭവത്തെ വിശേഷിപ്പിക്കുന്നതിങ്ങനെയാണ്, "കോവിഡ് മഹാമാരിയും, യുക്രേനിയൻ യുദ്ധവും അസമാധാനത്തിന്റെ കരിനിഴൽ വീഴ്ത്തിയിരിക്കുന്ന നമ്മുടെ ലോകത്തിന് ഒരു ഉയിർത്തെഴുന്നേല്പിന്റെ സന്ദേശമാണ് ബ്രദർ സാത്തിയുടെ വിശുദ്ധ പദവി സമ്മാനിക്കുന്നത്."



SPECIAL FEATURE

# ദൈവസ്നേഹത്തിന്റെ പടയണിയായി ഒരു സന്ന്യാസിനീ സമൂഹം


**മദർ ശാന്തി ആന്റണി**

**സുപ്പീരിയർ ജനറൽ**

**എം. എസ്. എസ്. ടി.**




തിരുസഭയുടെ ആരംഭം മുതലേ ഉണ്ടായിരുന്നു സുവിശേഷസദുപദേശങ്ങനുസരിച്ച് ജീവിച്ചിരുന്ന സ്ത്രീപുരുഷന്മാർ. കൂടുതൽ സ്വാതന്ത്ര്യത്തോടെ ക്രിസ്തുവിനെ പിഞ്ചെല്ലുവാനും അവിടുത്തെ അടുത്തനുകരിക്കാനുമാണ് അവർ അങ്ങനെ ചെയ്തത്. ഓരോരുത്തരും സ്വന്തമായ രീതിയിൽ ദൈവത്തിന് സമർപ്പിക്കപ്പെട്ട ജീവിതം നയിച്ചിരുന്നു. (അപ്പ. നട.1) സന്യാസത്തിലെ ഏറ്റവും അടിസ്ഥാനപരമായ നിയമം സുവിശേഷത്തിലെ ക്രിസ്തുവിനെ അനുകരിക്കുകയെന്നാണ്. (അപ്പ. നട. 2)

ഒരു പ്രാദേശിക സഭയുടെ പ്രൗഢി ആ സഭയിലെ സന്ന്യസ്ത സമൂഹങ്ങളാണ്. കർത്താവിന്റെ പടയണി എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ സന്യാസസഭകളെ വിശേഷിപ്പിച്ചത്. ഓരോ സന്യാസസഭയ്ക്കും ഒരു സ്ഥാപക ലക്ഷ്യം ഉണ്ട്. ഓരോ സന്യാസിയും ലോകത്തിന്റെ സുവിശേഷമാണ്.

ലോകത്തിന്റെ സന്തോഷമാണ്. ലോകത്തിന് ക്രിസ്തുവിനെ ദൈവോന്മുഖരായി ക്രിസ്തുവിന്റെ പരിമളമാകാൻ രോഗാതുരമായ ലോകത്തിന് സാന്ത്വന സ്പർശമാകാൻ വിളിക്കപ്പെട്ടവരാണ് സന്യസ്തർ.

**യേശുഹൃദയത്തിൽ സ്നേഹമായി**

കർമ്മല സഭയുടെ ഉത്തുംഗശ്രൃംഗത്തിൽ നിന്നും ലോകമാസകലം വിശുദ്ധിയുടെ കതിരൊളി പരത്തിക്കൊണ്ട് യേശുഹൃദയത്തിൽ സ്നേഹമായി ലയിച്ചുചേർന്ന കർമ്മലതാരമാണ്  വി കൊച്ചുത്രേസ്യാ. തിരുസഭ ഒരു ശരീരമാണെങ്കിൽ  ആ ശരീരത്തിലെ അവയവങ്ങൾ പലതാണെങ്കിൽ സഭാശരീരത്തിലെ ഹൃദയമാകാനാണ് താനിഷ്ടപ്പെടുന്നത് എന്ന് ഉദ്ഘോഷിച്ച വി.കൊച്ചുത്രേസ്യായുടെ നാമത്തിൽ സ്ഥാപിതമായ സഭയാണ് മിഷനറി സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ ഓഫ് ഇൻഫന്റ് ജീസസ്സ്. ആഗോള കത്തോലിക്കാ സഭയുടെ പൊതു മുതലായ കർമ്മലീത്ത ചൈതന്യത്തിലൂടെ കർമ്മലമലയിൽ വിരിഞ്ഞ ആദ്ധ്യാത്മിക പൈതൃകത്തിൽ നിന്നും ഉരുത്തിരിഞ്ഞ അമ്മ ത്രേസ്യായും                കുരിശിന്റെ വി.യോഹന്നാനും ചേർന്ന് നവീകരിച്ച കർമ്മലീത്ത സന്യാസസഭയുടെ അരൂപിയാണ്  എം.എസ്.എസ്.റ്റി സഭയും പിൻതുടരുന്നത്.

തന്റെ ഓരോ തുള്ളി വിയർപ്പും മണിമുത്താക്കി മാറ്റിയ കർമ്മയോഗിയും പുണ്യശ്ലോകനും  ദൈവാശ്രയത്തിന്റെ ഉത്തമ മാതൃകയുമായ കൊല്ലം ബിഷപ്പ് അഭിവന്ദ്യ ജെറോം പിതാവ് 1959 ജനുവരി 27ന് ഔദ്യോഗികമായ അംഗീകരാത്തോടെ സ്ഥാപിച്ച സന്യാസിനീ  സഭയാണ് മിഷനറി സിസ്റ്റേഴ്സ് ഓഫ് സെന്റ് തെരേസ ഓഫ് ഇൻഫന്റ് ജീസസ്സ്. സുവിശേഷവത്ക്കരണം. അജപാലനദൗത്യം, രോഗീശുശ്രൂഷ, വൃദ്ധരേയും അനാഥരേയും പരിചരിക്കുക നിർദ്ധനരായ കുട്ടികളെ സംരക്ഷിക്കുക അവർക്ക് വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരിക എന്നീ ദൗത്യങ്ങൾ അതിന്റെ പരിപൂർണ്ണതയിൽ നിർവഹിച്ചുകൊണ്ട് വിശുദ്ധ കൊച്ചുത്രേസ്യായുടെ ലാളിത്യവും ദൈവാശ്രയബോധവും ജീവിതത്തിന്റെ മുഖമുദ്രയായി സ്വീകരിച്ച് കേരളത്തിലും തമിഴ്നാട്ടിലും വടക്കേ ഇൻഡ്യയിലും, യുറോപ്പിലും പടർന്ന് പന്തലിച്ച് എം.എസ്.എസ്.റ്റി സഭ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു.

**ജീവിതസാക്ഷ്യം വഴി ക്രിസ്തു സാന്നിദ്ധ്യം**

ആരും കടന്നു ചെന്നിട്ടില്ലാത്ത മനുഷ്യമനസ്സുകളിലേയ്ക്ക് പാവപ്പെട്ടവരിൽ പാവപ്പെട്ടവരിലേയ്ക്ക് യേശുവിന്റെ വചനവുമായി കടന്നുചെന്ന് ജീവിതസാക്ഷ്യം വഴി ക്രിസ്തു സാന്നിദ്ധ്യം അവതീർണ്ണമാക്കാൻ വാക്കാലും പ്രവർത്തിയാലും കർത്താവിന്റെ രക്ഷയുടെ സുവിശേഷം വിളംബരം ചെയ്യുക  എന്നതാണ് നമ്മുടെ സഭയുടെ ഏറ്റവും വലിയ ദൗത്യം.

അഭിവന്ദ്യ ജെറോം പിതാവ് സ്ഥാപിച്ച ഏക സന്യാസ സഭയാണ് എം.എസ്.എസ്.റ്റി സന്യാസ സഭ. 1959 ജനുവരി 27ന് ഔദ്യോഗികമായ അംഗീകാരത്തോടെ വി.കൊച്ചുത്രേസ്യായുടെ മിഷണറി സമൂഹമെന്ന പേരിൽ ഈ സന്യാസ സഭയെ കാനൻ നിയമനുസരിച്ചു. സി.എം.ഐ. സഭയിലെ ഫാദർ വിജിലിയൂസും 7 ഭക്ത സഹോദരിമാരും ചേർന്ന് ചേലക്കരയിൽ രൂപം കൊടുത്ത ഭക്ത സംഘടനയെ ദൈവത്തിന്റെ സ്വന്തം നാടായ സമ്പന്ന ക്രിസ്തീയ പാരമ്പര്യം കുടികൊള്ളുന്ന വളക്കൂറുള്ള കുന്നം എന്ന ഇടവകയിൽ അവർക്ക് ഒരു ഭവനവും കൊടുത്തു. റോമിൽ നിന്ന് വിശ്വാസപ്രചാരക തിരുസംഘം 1953 ഡിസംബർ 21ന് അയച്ച കത്തിലൂടെ നവമായി രൂപീകൃതമായ ഈ സന്യാസ സഭയുടെ നിയമാവലി വിശ്വാസപ്രചാരക തിരുസംഘം ഔദ്യോഗികമായി

**GENERAL COUNCIL**




അംഗീകരിച്ചു. തുടർന്ന് അഭിവന്ദ്യ ജെറോം പിതാവ് 1959 ജനുവരി 27 ന് തന്റെ ഡിക്രിയിലൂടെ ഉണ്ണിയേശുവിന്റെ വി. കൊച്ചുത്രേസ്യായുടെ മിഷനറി സന്യാസ സഭയ്ക്ക് കാനോനികമായി അംഗീകാരം നൽകി രൂപതാ സന്യാസസഭയായി സ്ഥാപിച്ചു.

### ഉമയനെല്ലൂരിൽ ജനറലേറ്റ് സ്ഥാപിക്കുന്നു

കുന്നത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന സഭയെ 1972 ഡിസംബർ 28–ാം തീയതി സഭയുടെ വളർച്ചയും മറ്റു പല സൗകര്യങ്ങളും കണക്കിലെടുത്ത് കൊല്ലം ആസ്ഥാനമാക്കി ജനറലേറ്റും നോവിഷേറ്റ് ഹൗസും ഉമയനെല്ലൂരിലേയ്ക്ക് മാറ്റി. ഒരായിരം സ്വപ്നങ്ങളോടെ ആരും കടന്നു ചെന്നിട്ടില്ലാത്ത മനുഷ്യ മനസ്സുകളിലേയ്ക്ക് പാവപ്പെട്ടവരിൽ പാവപ്പെട്ടവരിലേയ്ക്ക് യേശുവിന്റെ വചനവുമായി കടന്നുചെല്ലുക, എല്ലാവിധ പ്രേഷിത വൃത്തികളിലും അജപാലനമേഖലയിലും സേവനം അനുഷ്ഠിക്കുക എന്നീ ലക്ഷ്യത്തോടെ ക്രാന്തദർശിയായ ജെറോം പിതാവ് തുടക്കം കുറിച്ച എം. എം.എസ് എസ് റ്റി സഭ ഇന്ന് കൊല്ലം മാതൃഭവനമാക്കികൊണ്ട് 30 ഉപഭവനങ്ങളിലായി കേരളത്തിലും തമിഴ്നാട്ടിലും വടക്കേ ഇൻഡ്യയിലും, യൂറോപ്പിലും പടർന്ന് പന്തലിച്ച് തങ്ങളുടെ സേവനം അതിമഹത്തായി നിർവഹിച്ചുപോരുന്നു.

പരിശുദ്ധാത്മശക്തിയിലൂടെ ദൈവഹിതം അനുഭവിച്ച് അറിഞ്ഞ് വിളിച്ചവനോട് ആത്മാർത്ഥമായി വിശ്വസ്തത പുലർത്തി. ലാളിത്യമാർന്ന ജീവിതത്തിലൂടെയും കൃത്യനിഷ്ഠ പാലനത്തിലൂടെയും ദൈവാശ്രയ ചിന്തയിലൂടെയും ദീർഘവീക്ഷണത്തിലൂടെയും ജീവിക്കുവാൻ സഭാമക്കളെ ഉപദേശിച്ചുകൊണ്ട് അഭിവന്ദ്യ ജറോം പിതാവ് തലമുറകളിലൂടെ പകർന്നു തന്ന വിശ്വാസസ്ഥൈര്യമാണ് പ്രശ്നങ്ങളിൽ പ്രതികൂല സാഹചര്യങ്ങളിൽ പതറാതെ സഭാമക്കളെ നയിച്ച ആത്മീയശക്തി. പിതാവിനടുത്ത വാത്സല്യവും, സ്ഥാപകനടുത്ത സംരക്ഷണവും, ഗുരുനാഥനടുത്ത ശിക്ഷണവും, അജപാലകനടുത്ത പരിലാളനയും ആദ്ധ്യാത്മിക പിതാവിനടുത്ത ഉപദേശവും നൽകുന്നതിൽ പിതാവ് അതീവ ശ്രദ്ധാലുവായിരുന്നു. ഞങ്ങളുടെ സഭാസ്ഥാപകനെന്ന നിലയിൽ സ്വർഗ്ഗത്തിൽ വി.ചെറുപുഷ്പത്തോടൊപ്പം ഞങ്ങളെ നയിക്കുവാൻ പിതാവ് ഉണ്ടെന്ന് ഞങ്ങൾ ദൃഢമായി വിശ്വ

കെ. സി. ബി. സി. മീഡിയകമ്മീഷൻ
കെ. സി. ബി. സി. ഫാമിലികമ്മീഷൻ
മധുരം സായന്തനം
2022 നവംബർ 18
വെള്ളി 4 മണിക്ക്

സിക്കുന്നു. "നന്മയ്ക്ക് വേണ്ടിയാണ് നിലകൊള്ളുന്നതെങ്കിൽ ഒട്ടും മടിക്കേണ്ട. മുന്നോട്ടു പോവുക. ദൈവം നമ്മോടുകൂടിയുണ്ട്" എന്ന സഭാസ്ഥാപകന്റെ വാക്കുകളുടെ ശക്തിയാൽ എം.എസ്.എസ്.റ്റി. സഭാമക്കൾ ഉണർവോടെ, ആനന്ദത്തോടെ, മുന്നേറുന്നു.

1978 മുതൽ അഭിവന്ദ്യ ജറോം പിതാവ് കൈമാറിയ ഈ പിഞ്ചുകുഞ്ഞിനെ സൂക്ഷ്മതയോടെ ഏറ്റെടുത്ത് വളർത്തിയ ജോസഫ് പിതാവിന്റെ ധീരമായ നേതൃത്വം സഭാചരിത്രത്തിലെ മറ്റൊരു നാഴിക്കല്ലാണ്. അഭിവന്ദ്യ സ്റ്റാൻലി റോമൻ പിതാവ് തന്റെ സമയോചിതമായ ഇടപെടലുകളിലൂടെ എം.എസ്.എസ്.റ്റി ആകുന്ന ഈ ചെറു ചെടിക്ക് വേരുറയ്ക്കാൻ പറ്റിയ നിലവും തഴച്ചു വളരാൻ പറ്റിയ സാഹചര്യങ്ങളും വിളവേകാൻ പറ്റിയ ക്രമചട്ടങ്ങളും കണ്ടെത്തിക്കൊണ്ട് ഇതിനെ ഫലസമൃദ്ധിയുള്ളതാക്കാൻ ശ്രമിക്കുന്നു.

**കർമ്മലമാതാവിന്റെ മാധ്യസ്ഥ്യം**

കൊല്ലം രൂപതയുടെ സാരഥിയായി ദൈവം തിരഞ്ഞെടുത്ത അഭിവന്ദ്യ പോൾ ആന്റണി മുല്ലശ്ശേരി പിതാവിന്റെ ആദ്ധ്യാത്മിക പാണ്ഡിത്യവും പരിശുദ്ധ മാതാവിനോടുള്ള അഗാധമായ ഭക്തിയും സ്നേഹവും ലാളിത്യവും സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ വളർച്ചയ്ക്ക് മുതൽ കൂട്ടാണ്. അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിലൂടെ കൊല്ലം രൂപതയ്ക്കും ഞങ്ങളുടെ സഭയ്ക്കും ദൈവം സമൃദ്ധമായി അനുഗ്രഹം ചൊരിയുന്നതിന് തെളിവാണ് ഈ കാലഘട്ടത്തിൽ സഭ പൊന്തിഫിക്കൽ പദവിയിലേയ്ക്ക് ഉയർന്നത്. ഇത്തരുണത്തിൽ പിതാവിന് വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നതോടൊപ്പം ദൈവത്തിന് നന്ദിയർപ്പിക്കുകയും ചെയ്യുന്നു.

കർമ്മലസഭയുടെ മാതാവും അലങ്കാരവുമായ കർമ്മല മാതാവാണ് എം.എസ് എസ് റ്റി സഭയുടെ പ്രത്യേക മദ്ധ്യസ്ഥ. കന്യാവ്രതക്കാരുടെ കാവൽക്കാരനും നീതിമാനും വിശ്വസ്തനും പരിശുദ്ധ അമ്മയുടെ സംരക്ഷകനും ദൈവകുമാരന്റെ വളർത്തു പിതാവും ആയ വിശുദ്ധ യൗസേപ്പിതാവാണ് എം എസ് എസ് റ്റി കുടുംബത്തിന്റെ പ്രത്യേക മദ്ധ്യസ്ഥൻ.

ബഹുമാന്യയായ മദർ മേരിതെരേസ് ആണ് സഭയുടെ ആദ്യത്തെ ഇലക്റ്റഡ് മദർ ജനറൽ അമ്മയുടെ ചിറകിൻ കീഴിൽ അഭയം തേടുന്ന കോഴികുഞ്ഞിനറിയാം ഗരുഡന്റെ കാഴ്ചയെത്താത്ത സ്ഥലം. മക്കളെ സ്നേഹത്തോടെ പരിപാലിക്കുകയും ഇപ്പോൾ സ്വർഗ്ഗീയ സദസ്സിലിരുന്ന് സഭയിലെ ഓരോരുത്തർക്കും വേണ്ടി ദിവ്യനാഥനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു

**ദൗത്യങ്ങൾ**

ജാതി മതഭേദമെന്യേ സമൂഹത്തിൽ അവഗണിക്കപ്പെട്ടിരിക്കുന്ന ദരിദ്രരുടെ സമഗ്രമായ വളർച്ചയ്ക്കുവേണ്ടി പ്രയത്നിക്കുക. ക്രിസ്തുവിന്റെ സുവിശേഷം ജീവിത സാക്ഷ്യം

വഴി പ്രഘോഷിക്കുക. അൾത്താരയിലെ ഒരുക്കങ്ങൾ കൂദാശ സ്വീകരണത്തിനുള്ള ഒരുക്കങ്ങൾ തുടങ്ങി ഇടവകയുടെ ഉന്നമനത്തിന് വേണ്ടി ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുക. സമൂഹത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നു, പാവപ്പെട്ട കുഞ്ഞുങ്ങൾക്ക് സംരക്ഷണം നൽകുന്നു, ഇടവകയിലെ സാമൂഹ്യസേവന പ്രവർത്തനങ്ങളിലും പങ്കുചേരുന്നു ഇടവകയിലെ ഓരോ കുടുംബത്തിലും കടന്നുചെന്നുകൊണ്ട് അവരുടെ പ്രശ്നങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കുകയും കുടുംബത്തിലെ ഓരോ വ്യക്തികൾക്കും പ്രത്യേകം കൗൺസിലിംഗ് നൽകി കുടുംബങ്ങളിൽ സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇന്നത്തെ പുതിയ തലമുറയുടെ അറിവിനും വളർച്ചയ്ക്കും ഉതകുന്ന വിധത്തിൽ അവരിലുള്ള നന്മയെ അവർക്ക് പരിചയപ്പെടുത്തി കൊടുക്കുക. അതോടൊപ്പം കാലാനുസൃതമായി വളർന്ന് വികസിച്ചു കൊണ്ടിരിക്കുന്ന സാമൂഹ്യ സാഹിത്യ ശാസ്ത്ര സാങ്കേതികതയുടെ പുതിയ മേഖലകളിലേക്ക് ദൈവമക്കളെ ജ്ഞാനത്തിലും പ്രായത്തിലും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സഭ വിദ്യാഭ്യാസരംഗങ്ങളിൽ ചാരിതാർത്ഥ്യം നിറഞ്ഞ പടവുകൾ താണ്ടുന്നു.

സമൂഹത്തിന് മൂല്യച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജീവിതത്തെക്കുറിച്ചുള്ള മോഹങ്ങളും പ്രതീക്ഷകളും സ്വപ്നങ്ങളും നഷ്ടപ്പെട്ടവരായി കടന്നുവരുന്ന ശാരീരികവും അതിലേറെ മാനസീകവുമായും അസ്വസ്ഥത അനുഭവിക്കുന്ന ദൈവമക്കൾക്ക് സൗഖ്യവും സാന്ത്വനവുമായ് കടന്നുപോയ യേശുനാഥന്റെ സൗഖ്യദായക ശുശ്രൂഷയിൽ സഹോദരിമാർ ഇന്നും ആത്മാർത്ഥമായി സേവനം അനുഷ്ഠിക്കുന്നു.

ദൈവവുമായുള്ള ഐക്യത്തിന്റെ ജീവിതം പ്രാർത്ഥനയിലൂടെയും ദൈവസാന്നിദ്ധ്യത്തെപറ്റിയുള്ള നിരന്തരമായ ധ്യാനത്തിലൂടെയും അനുദിന ദിവ്യബലിയിലൂടെയും അനുരഞ്ജനം കൂദാശയിലൂടെയും വി.ഗ്രന്ഥപാരായണത്തിലൂടെയും യാമപ്രാർത്ഥനയിലൂടെയും വ്രതബദ്ധജീവിതത്തിലൂടെയും ഞങ്ങൾ ശക്തിയാർജ്ജിക്കുന്നു.

തിരുസഭാഹൃദയത്തിൽ എം എസ് എസ് റ്റി സഭ വളരുകയാണ്. 'സ്നേഹമാണ് എന്റെ ദൈവവിളി' എന്ന് ഉറക്കെ പ്രഖ്യാപിച്ച സഭാമദ്ധ്യസ്ഥയോടൊപ്പം ഞങ്ങളും പ്രഖ്യാപിക്കുന്നു 'സ്നേഹമാണ് സർവ്വവും വിശുദ്ധ കൊച്ചുത്രേസ്യായുടെ ലാളിത്യവും ദൈവാശ്രയബോധവും ജീവിതത്തിന്റെ മുഖമുദ്രയായി സ്വീകരിച്ച് കേരളത്തിലും തമിഴ്നാട്ടിലും വടക്കേ ഇൻഡ്യയിലും, യൂറോപ്പിലും പടർന്ന് പന്തലിച്ച് ദൈവദാസ ജെറോം പിതാവ് സ്ഥാപിച്ച എം എസ് എസ് റ്റി മുന്നോട്ട് പൊയ്കൊണ്ടിരിക്കുന്നു. എം എസ് എസ് റ്റി സന്യാസസഭയിൽ 160 സഹോദരിമാർ കേരളത്തിലും ഇന്ത്യയുടെ വിവിധഭാഗങ്ങളിലും യൂറോപ്പിലും ആയി 35 സന്യാസഭവനങ്ങളിലായി സഭാസേവനത്തിൽ വ്യാപൃതരായി കഴിയുന്നു.

നാളെയുടെ നന്മകളെ സഹജനുമായി പങ്കു വച്ച് പ്രേഷിതരായി ഒരു മനമോടെ സേവനവീഥിയിൽ ശാന്തിദൂതരായ് അണയുവാൻ. യേശുവിന് ദരിദ്രരിലൂടെ വസ്ത്രം നൽകാൻ. രോഗികളിലൂടെ സന്ദർശനം നൽകാൻ. വിശക്കുന്നവരിലൂടെ അന്നം നൽകാൻ. പാർപ്പിടം നൽകാൻ, പ്രവർത്തിയിലൂടെയുള്ള ശുശ്രൂഷയിലൂടെ യേശുവിന് സാക്ഷ്യം വഹിക്കുവാൻ കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചുകൊണ്ട് സന്യാസ സമർപ്പണ ജീവിതത്തിലൂടെ പരിളം പരത്തുവാൻ നല്ല ദൈവത്തിന്റെ കൃപാകടാക്ഷം ഉണ്ടാകുവാൻ പ്രാർത്ഥിക്കണമേ. അനുഗ്രഹത്തിന്റെ ദീവ്യതേജസ്സ് ഒരു കരുതലായി കരത്തേകുവാൻ, കാവലായി കനൽ വിളക്കായി, കാന്തി സൂര്യനായ് കൂടെ ഉണ്ടാവട്ടെ.

# പ്രാർത്ഥന: വിശ്വാസത്തിന്റെ ഔഷധവും ആത്മാവിന് നവവീര്യം പകരുന്ന മരുന്നും

# ഫ്രാൻസീസ് പാപ്പ

അവതരണം: **ഡോ. ലോറൻസ് തൈക്കാട്ടിൽ**



ഭഗ്നാശരാകാതെ സദാ പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്ന ലൂക്ക 18:1–8 വിശദീകരിച്ച് പാപ്പ പ്രാർത്ഥനയുടെ ഉന്നത സ്ഥാനത്തെ കുറിച്ച് പഠിപ്പിച്ചു. 2022 ഒക്ടോബർ 16 ന് 'കർത്താവിന്റെ മാലാഖ' പ്രാർത്ഥനക്ക് മുമ്പ് വിധവയുടേയും ന്യായാധിപന്റേയും ഉപമയുടെ പ്രബോധനം നൽകിയാണ് പാപ്പ ഈ ആശയം പങ്കു വച്ചത്. ഇന്നത്തെ ആരാധനാക്രമത്തിലെ സുവിശേഷം അവസാനിക്കുന്നത് (ലൂക്ക 18: 8) ഈശോ ഉന്നയിക്കുന്ന ആശങ്കാജനകമായ ഒരു ചോദ്യത്തോ ടെയാണ്: 'മനുഷ്യപുത്രൻ വരുമ്പോൾ അവൻ ഭൂമിയിൽ വിശ്വാസം കണ്ടെത്തുമോ?' ഒരു ഭാവി ചോദ്യമായ ഇത് ഫ്രാൻസീസ് പാപ്പ സമകലീന വർത്തമാന ചോദ്യമായിട്ടാണ് നമ്മുടെ വിചിന്തനത്തിന് നൽകുന്നത്.

'ഞാൻ നിങ്ങളിൽ, നിങ്ങളുടെ ഈ ലോകത്തിൽ ഇന്ന് അൽപം വിശ്വാസം കണ്ടെത്തുമോ?' മറ്റു വാക്കുകളിൽ പറഞ്ഞാൽ പാപ്പ ചോദിക്കുന്നത് നമുക്ക് ഇപ്പോൾ, ജീവിതത്തിന്റെ ഈ നിമിഷത്തിൽ വിശ്വാസമുണ്ടാകുമോ എന്നാണ്. അനുദിന ജീവിതത്തിൽ നമ്മൾ ചോദിക്കേണ്ട വളരെ ഗൗരവമേറിയ ചോദ്യമാണിത്. നമ്മുടെ ചിന്തയ്ക്കായി പാപ്പ പറയുന്നു: 'ഈശോ ഇന്ന് ഭൂമിയിലേക്ക് വരുന്നുവെന്ന് സങ്കൽപിക്കുക. എന്താണ് ഈശോ കാണുക? നിർഭാഗ്യവശാൽ അവിടുന്ന് അനേകം യുദ്ധങ്ങളും കലഹങ്ങളും ഏറെ ദാരിദ്ര്യവും അതി മാരകമായ രോഗങ്ങളും നിരവധിയായ അസമത്വങ്ങളും ഒരു ഭാഗത്തും വലിയ സങ്കേതിക നേട്ടങ്ങളും ആധുനികോപാധികളും സുഖ സൗകര്യങ്ങളും ധ്രുതഗതിയിൽ അലയുന്ന ജനതതിയും മറുഭാഗത്തും കാണാം. പാപ്പ ചോദിക്കുന്നു: ഈശോക്കു വേണ്ടി സമയവും വാൽസല്യവും ബുദ്ധിയും സ്നേഹവും മാറ്റി വക്കുകയും ഈശോയെ പ്രഥമ സ്ഥാനത്തു പ്രതിഷ്ഠിക്കുകയും ചെയ്യുന്നവരെ കണ്ടെത്തുമോ? ഒരു പടി കൂടി കടന്ന് അതിതീവ്രമായ ചോദ്യം പാപ്പ സ്വയം ചോദിക്കുവാൻ പറയുന്നു: ''ഈശോ വന്നാൽ എന്നിൽ എന്താണ് കണ്ടെത്തുക?'

ഇന്ന് കർത്താവ് വന്നാൽ അവിടുന്ന് എന്നിൽ, എന്റെ ജീവിതത്തിൽ, എന്റെ ഹൃദയത്തിൽ എന്തു കണ്ടെത്തും? എന്റെ ജീവിതത്തിന്റെ എന്ത് മുൻഗണനകളാണ് ഈശോ കാണുക? ഫ്രാൻസീസ് പാപ്പ ഇപ്രകാരം തികച്ചും പ്രായോഗികതയാണ് ന്യായാധിപന്റെ മുമ്പിൽ കരുണക്കും നീതിക്കും വേണ്ടി കെഞ്ചുന്ന വിധവയുടെ കഥ അവതരിപ്പിക്കുമ്പോൾ മുന്നോട്ട് വക്കുന്നത്.

ഈശോയുടെ ഇപ്രകാരമുള്ള പ്രായോഗിക ചോദ്യത്തിന് തൃപ്തികരമായ ഉത്തരം ലഭിക്കാത്തതിന്റെ കാരണങ്ങൾ പാപ്പ നൽകുന്നുണ്ട്. അപ്രധാന കാര്യങ്ങളിലുള്ള വ്യഗ്രത അഥവാ ദൈവത്തിനായ് സമയം കണ്ടെത്താനാകാത്തവർ. നിരവധി അപ്രധാന യാഥാർത്ഥ്യങ്ങൾ എന്നും നാം കൈകാര്യം ചെയ്യുകയും അവയെക്കുറിച്ച് അനാവശ്യമായി

അസ്വസ്ഥരാകുകയും ചെയ്യുന്നു.ഇത് ദൈവത്തോടുള്ള നമ്മുടെ സ്നേഹം തണുത്തു പോയതു കൊണ്ടാണ്. മന്ദോഷ്ണതയിൽ ആയിരിക്കുന്ന നമുക്ക് അതിൽ നിന്നും കരകയറാനുള്ള ഏറ്റവും നല്ല മറുമരുന്നാണ് പ്രാർത്ഥന എന്നാണ് ഫ്രാൻസീസ് പാപ്പ പഠിപ്പിക്കുന്നത്. പ്രാർത്ഥനയാണ് വിശ്വാസത്തിന്റെ ഔഷധം. ആത്മാവിന് നവവീര്യം പകരുന്ന മരുന്നാണത്. ഈ ഔഷധം അവിരാമം നാം ഉപയോഗിക്കണം എന്നാണ് പാപ്പ ആവശ്യപ്പെടുന്നത്. രോഗ സൗഖ്യത്തിനായ് ഒരു ചികത്സ നാം ചെയ്യുമ്പോൾ അതിന്റെ ക്രമങ്ങൾ നന്നായി പാലിക്കുകയും ചിട്ടയോടും സ്ഥിരതയോടും കൂടി യഥാസമയം മരുന്നുകൾ കഴിക്കുകയും ചെയ്യേണ്ടത് സുപ്രധാനമാണ്. ജീവിതത്തിലെ എല്ലാ കാര്യങ്ങളിലും ഇത് ആവശ്യമാണ്. പ്രായോഗികമായി ഒരു കൊച്ചു ഉദാഹരണം പാപ്പാ നൽകുന്നു. വീട്ടിൽ വളർത്തുന്ന ഒരു ചെടിക്ക് എല്ലാ ദിവസവും വെള്ളമൊഴിക്കണം. ഒരു ദിവസം ധാരാളം വെള്ളമൊഴിച്ച് പിന്നീട് ആഴ്ച്ചകളോളം നനയ്ക്കാതെ ആയാൽ അത് വാടി കരിഞ്ഞു പോകുമല്ലോ.അതുപോലെ തന്നെയാണ് നമ്മുടെ പ്രാർത്ഥനയുടെ കാര്യവും. നമ്മൾ ചിലപ്പോൾ വളരെ തീക്ഷ്ണതയോടെ പ്രാർത്ഥിക്കും പിന്നെ കുറേ നാൾ പ്രാർത്ഥിക്കാതെ ശിശിര നിദ്രയിലാഴുകയും അഥവാ നിഷ്ക്രിയരാവുകയും ചെയ്യും. അതു നമ്മുടെ വിശ്വാസത്തെ തീർച്ചയായും വരണ്ടതാക്കും.

ദൈവത്തിന് നമ്മുടെ കാലത്തിലേക്കും ചരിത്രത്തിലേക്കും പ്രവേശിക്കാൻ കഴിയും വിധം അവിടത്തേക്ക് സമർപ്പിതമായ സമയം നാം എന്നും കണ്ടത്തേണ്ടത് ആവശ്യമാണ്. അതായത് നമ്മുടെ വിശ്വാസത്തെ പോഷിപ്പിക്കാൻ നമ്മുടെ ഹൃദയത്തെ പൂർണ്ണമായും ദൈവത്തിലേക്ക് തുറക്കുന്ന നിരന്തര നിമിഷങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകണം. അവിരാമം പ്രാർത്ഥന ചൊല്ലാൻ ആവശ്യപ്പെടുന്ന ഫ്രാൻസീസ് പാപ്പ ലൂക്ക 18:1 ഉദ്ധരിച്ച് ശിഷ്യരോട് ഈശോ പറഞ്ഞത് ആവർത്തിച്ച് നമ്മോട് ഇന്ന് പറയുന്നു ഒരിക്കലും മടുക്കാതെ എപ്പോഴും പ്രാർത്ഥിക്കണമെന്ന്. പ്രാർത്ഥിക്കാൻ സമയമില്ല എന്ന് പറയുന്നവരാണ് നമ്മിൽ പലരും. ഹ്രസ്വ പ്രാർത്ഥനായ സുകൃത ജപങ്ങൾ ആവർത്തിച്ചാവർത്തിച്ച് പ്രാർത്ഥിക്കാൻ ഫ്രാൻസീസ് പാപ്പ ആവശ്യപ്പെടുന്നു. ചില ഉദാഹരണങ്ങൾ പാപ്പ നൽകുന്നു. രാവിലെ ഉണർന്ന ഉടനെ 'കർത്താവേ ഞാൻ നിനക്ക് നന്ദി പറയുന്നു. ഈ ദിവസം ഞാൻ നിനക്ക് സമർപ്പിക്കുന്നു.' ഇതു പോലെ ഓരോ പ്രവർത്തനങ്ങൾക്കു മുമ്പും ശേഷവും കൊച്ചു കൊച്ചു പ്രാർത്ഥനകൾ ചൊല്ലണമെന്ന് പാപ്പ പഠിപ്പിക്കുന്നു. ഇങ്ങിനെ ഈശോയുമായി നിരന്തരം നാം ബന്ധപ്പെടണം. പാപ്പ പറയുന്നു ഇന്ന് നാം നമ്മുടെ ഇഷ്ടപ്പെട്ടവർക്ക് എത്രയോ സമയമെടുത്ത് സന്ദേശങ്ങൾ അയക്കുന്നു. ഇതു പോലെ നമ്മൾ നമ്മുടെ ഹൃദയം തുറന്ന് ഈശോക്ക് പ്രാർത്ഥനയിലൂടെ സന്ദേശങ്ങൾ അയക്കണം. ഈശോ തിരിച്ച് തരുന്ന സന്ദേശങ്ങൾ നാം വായിക്കണം, മനസ്സിലാക്കണം. നമുക്ക് സ്ഥിരം സന്ദേശം നൽകുന്ന ദൈവവചനം നാം ശ്രവിക്കണം. അതിനായ് ചെറു സുവിശേഷ ഗ്രന്ഥം എപ്പോഴും കൈവശം വെക്കാൻ പാപ്പ ആവശ്യപ്പെടുന്നു. അൽപം സമയം കിട്ടുമ്പോൾ അത് തുറന്ന് വായിച്ചാൽ കർത്താവ് നമുക്കാവശ്യമായ ഉത്തരം തരും എന്നത് ഉറപ്പാണെന്നാണ് പാപ്പ ഉദ്ബോധിപ്പിക്കുന്നത്.

ദൈവകൃപ നിറഞ്ഞ് എപ്പോഴും വിശ്വസ്തയോടെ ദൈവ പിതാവിനെ ശ്രവിച്ചിരുന്ന പരി. കന്യകാമറിയം നമുക്ക് ഏറ്റവും ശക്തയായ മദ്ധ്യസ്ഥയും സഹായിയും മാതൃകയുമാണ്. ആ അമ്മ നമ്മെ ദൈവത്തെ ശ്രവിക്കുന്നവരും എപ്പോഴും പ്രാർത്ഥിക്കുവാൻ കഴിവുള്ളവരും ആക്കി മാറ്റും തീർച്ച.



# കണ്ടെത്തണം നാം സ്വാതന്ത്ര്യത്തിന്റെ സാമൂഹികമാനം

***പൗലോസ് അപ്പസ്തോലന്റെ ഗലാത്യക്കാർക്കുള്ള ലേഖനത്തെ ആസ്പദമാക്കിയുള്ള ഫ്രാൻസിസ് പാപ്പയുടെ മതബോധനപരമ്പര*** ഭാഗം – 12

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**



പൗലോസപ്പോസ്തലൻ നമ്മെ ഗലാത്തിയക്കാർക്കുള്ള ലേഖനത്തിലൂടെ, വിശ്വാസത്തിന്റെ പുതുമയിലേക്ക് പടിപടിയായി ആനയിക്കുന്നതിനെക്കുറിച്ചായിരുന്നു പാപ്പായുടെ പരിചിന്തനം. വിശുദ്ധഗ്രന്ഥവായനയുടെ സമയത്ത് തന്റെ അടുത്ത് ഭിന്നശേഷിക്കാരനായ ഒരു ബാലൻ എത്തി തനിക്ക് കൈ തന്ന സംഭവം അനുസ്മരിച്ചുകൊണ്ട് പാപ്പാ പറഞ്ഞു:

ഗലാത്തിയക്കാർക്കുള്ള ലേഖനം ശ്രവിച്ചുകൊണ്ട് വിശ്വാസ സ്വാതന്ത്ര്യത്തെക്കുറിച്ചാണ് ഇത്തവണ പരാമർശിക്കുന്നത്. ഒരു കുട്ടി സ്വഭവനത്തിലെന്നപോലെ ഈ വേദിയിലേക്കു വരികയും സ്വതന്ത്രമായി സഞ്ചരിക്കുകയും ചെയ്തതു കണ്ടപ്പോൾ എന്റെ മനസ്സിലേക്കു കടന്നുവന്നത് യേശു കുട്ടികളുടെ സ്വതഃസിദ്ധതയെയും സ്വാതന്ത്ര്യത്തെയും കുറിച്ച് പറഞ്ഞ കാര്യമാണ്. യേശു നമ്മോട് പറയുന്നു: 'നിങ്ങളും ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. കർത്താവിൻറെ പക്കലേക്കു ചെല്ലാൻ, കർത്താവിനോടു തുറവുള്ളവരായിരിക്കാൻ, കർത്താവിനെ ഭയപ്പെടാതിരിക്കാൻ ധൈര്യം ഉള്ളവരാകുക: ഈ കുട്ടി നമുക്കെല്ലാവർക്കും നൽകിയ ഈ പാഠത്തിന് ഞാൻ നന്ദി പറയുന്നു. അവന്റെ പരിമിതികളിലും വളർച്ചയിലും കർത്താവ് അവനെ സഹായിക്കട്ടെ. എന്തെന്നാൽ അവനേകിയ ഈ സാക്ഷ്യം അവന്റെ ഹൃദയത്തിൽ നിന്ന് വന്നതാണ്.

സി. ജോസ്ന .. എഴുതുന്ന വിശുദ്ധാ ക്ലോഡിൻ തെവനെയെക്കുറിച്ചുള്ള  ജീവചരിത്രക്കുറിപ്പുകളുടെ നാലാം ഭാഗം അടുത്ത ലക്കത്തിൽ



കുട്ടികൾക്ക് ഹൃദയത്തിൽ നിന്ന് ജീവിതത്തിലേക്കുള്ള സ്വയമേവ പ്രവർത്തിക്കുന്ന വിവർത്തകൻ ഇല്ല.

വിശ്വാസത്തിന്റെ  മഹത്തായ പുതുമ

ഗലാത്യക്കാർക്കുള്ള തൻറെ  കത്തിലൂടെ പൗലോസപ്പോസ്തലൻ നമ്മെ ക്രമേണ വിശ്വാസത്തിൻറെ മഹത്തായ പുതുമയിലേക്ക് ആനയിക്കുന്നു. തീർച്ചയായും ഇത് ഒരു വലിയ നവീനതയാണ്, കാരണം ഇത് ജീവിതത്തിന്റെ ചില വശങ്ങളെ നവീകരിക്കുക മാത്രമല്ല, മാമ്മോദീസായിലൂടെ നമുക്കു ലഭിച്ച 'പുതിയ ജീവിതത്തിന്റെ' ഉള്ളറകളിലേക്ക് നമ്മെ എത്തിക്കുകയും ചെയ്യുന്നു. ദൈവമക്കളായിരിക്കുകയെന്ന ഏറ്റവും വലിയ ദാനം മാമ്മോദീസായിൽ, നമ്മുടെ മേൽ ചൊരിഞ്ഞിരിക്കുന്നു.ക്രിസ്തുവിൽ വീണ്ടും ജനിച്ചതിലൂടെ, കൽപ്പനകളിലും അനുഷ്ഠാനങ്ങളിലും അധിഷ്ഠിതമായ ഒരു മതവിശ്വാസത്തിൽ നിന്ന്, ദൈവവുമായും നമ്മുടെ സഹോദരങ്ങളുമായുള്ള കൂട്ടായ്മയിൽ, അതായത് സ്നേഹത്തിൽ കേന്ദ്രീകൃതമായ ഒരു ജീവനുള്ള വിശ്വാസത്തിലേക്ക് നാം മാറിയിരിക്കുന്നു. ഭയത്തിന്റെയും പാപത്തിന്റെയും അടിമത്തത്തിൽ നിന്ന് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് നാം കടന്നിരിക്കുന്നു.'സ്വാതന്ത്ര്യം' എന്ന വാക്ക് വീണ്ടും പ്രത്യക്ഷപ്പെടുന്നു.

തോന്ന്യാസം ജീവിക്കലല്ല സ്വാതന്ത്ര്യം

അപ്പോസ്തലന്റെ അഭിപ്രായത്തിൽ, ഈ സ്വാതന്ത്ര്യത്തിന്റെ  കാതൽ എന്താണെന്ന് കൂടുതൽ മനസ്സിലാക്കുന്നതിന് ഇന്ന് നമുക്ക് ശ്രമിക്കാം. പൗലോസ് അത് 'ജഡികസുഖത്തിനു വേണ്ടിയുള്ളതാകരുത്" (ഗലാത്തിയർ 5:13) എന്ന് വ്യക്തമാക്കുന്നു: അതായത്, ജഡികാഭിലാഷാനുസൃതം, അല്ലെങ്കിൽ, സഹജവാസന അനുസരിച്ച്, വ്യക്തിപരമായ ആഗ്രഹങ്ങളും സ്വാർത്ഥ താൽപ്പര്യങ്ങളും അനുസരിച്ച്, തോന്ന്യാസം ജീവിക്കലല്ല സ്വാതന്ത്ര്യം; നേരെമറിച്ച്, യേശുവിന്റെ സ്വാതന്ത്ര്യം നമ്മെ നയിക്കുന്നത് – അപ്പോസ്തലൻ എഴുതുന്നു – 'പരസ്പര സേവനത്തി'ലേക്കാണ് (ഗലാത്തിയർ 5:13). ഇത് അടിമത്തമാണോ? അതെ, ക്രിസ്തുവിലുള്ള സ്വാതന്ത്ര്യത്തിന് ചില "അടിമത്തം", ഉണ്ട്,അതായത്,പരസേവനത്തിലേക്ക് നമ്മെ നയിക്കുന്ന, മറ്റുള്ളവർക്കായി ജീവിക്കുന്ന ചില മാനങ്ങൾ. മറ്റു വാക്കുകളിൽ പറയുകയാണെങ്കിൽ, യഥാർത്ഥ സ്വാതന്ത്ര്യം, ഉപവിയിൽ പൂർണ്ണമായി ആവിഷ്കൃതമാകുന്നു. സുവിശേഷവൈരുദ്ധ്യത്തിനു മുന്നിൽ നാം ഒരിക്കൽക്കൂടി എത്തുന്നു:സേവിക്കുന്നതിലൂടെ നമ്മൾ സ്വതന്ത്രരാകുന്നു, നമ്മൾ ആഗ്രഹിക്കുന്നതെന്തും ചെയ്യുന്നതിലല്ല . സേവനത്തിൽ നാം സ്വതന്ത്രരാകുന്നു; നാം സ്വയം നൽകുന്നതിന് ആനുപാതികമായി നാം പൂർണ്ണരാക്കപ്പെടുന്നു; സ്വയം ദാനം ചെയ്യാനുള്ള ധൈര്യം നമുക്കുണ്ട്; ജീവൻ നഷ്ടപ്പെടുത്തുമ്പോൾ അത് നമുക്ക് ലഭിക്കുന്നു (മർക്കോസ് 8:35).ഇതാണ് ശുദ്ധമായ സുവിശേഷം

(ഈ പരമ്പരയുടെ ഭാഗം  12 ന്റെ  തുടർച്ച  അടുത്ത ലക്കത്തിൽ)



# ഉണ്ണിയേശു കൂടെയുണ്ട്, വി. ചെറുപുഷ്പത്തിന്റെ പ്രസാദ സാന്നിധ്യവുമുണ്ട്....

**സി. ജെസ്‌ലിൻ ജോസഫ്** MSST



2014 –ലെ സന്യസ്ത വർഷത്തോടനുബന്ധിച്ച് ഫ്രാൻസിസ് മാർപാപ്പ എഴുതിയ അപ്പസ്തോലിക ലേഖനമാണ് 'ആനന്ദത്തിന്റെ സാക്ഷികൾ' : അതിൽ മാർപ്പാപ്പ പറയുന്നു : 'സുവിശേഷത്തെ പൂർണ്ണമായും ആശ്ലേഷിച്ചും, സഭയെ ശുശ്രൂഷിച്ചും യേശുവിനെ അനുഗമിക്കുവാനുള്ള വിളിയാണ് സന്യാസജീവിതം. സമർപ്പിത ജീവിതം സഭയ്ക്കുള്ള ദാനമാണെന്നും അത് സഭയിൽ തന്നെ ജനിക്കുകയും വളരുകയും ചെയ്യുന്നുമെന്നും പാപ്പ സമർപ്പിതർക്കുള്ള തന്റെ അപ്പസ്തോലിക ലേഖനത്തിലൂടെ വീണ്ടും നമ്മളെ ഉദ്ബോധിപ്പിക്കുന്നുണ്ട്.

സ്ഥാപക പിതാവിന്റെ സ്വപ്നസാഫല്യം

ക്രൈസ്തവ വിശ്വാസത്തിന്റെ ഈറ്റില്ലമായ കൊല്ലം രൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാനും ദൈവദാസനുമായ അഭിവന്ദ്യ ജെറോം മരിയ ഫെർണാണ്ടസ് തിരുമേനിയാൽ 1959 ൽ സ്ഥാപിതമായ ഉണ്ണിയേശുവിന്റെ വിശുദ്ധ കൊച്ചുത്രേസ്യായുടെ മിഷനറി സന്യാസിനീ സമൂഹം സുവിശേഷത്തെ ആശ്ലേഷിച്ചും, സഭയെ ശുശ്രൂഷിച്ചും യേശുവിനെ അനുഗമിച്ചും തങ്ങളുടെ സ്ഥാപക പിതാവിന്റെ സ്വപ്നസാഫല്യമായി ഒരു ആഗോള സഭയായി വളർന്നുകൊണ്ടിരിക്കുന്നു. കേരളക്കരയാകെ പാർശ്വവർക്കരിക്കപ്പെട്ടവരുടെ കണ്ണീരൊപ്പാൻ ജീവിതം മുഴുവൻ മാറ്റിവെച്ച താപസ്സവര്യനായിരുന്നു എം എസ് എസ് ടി സഭാസ്ഥാപകനായ ദൈവദാസൻ ജെറോം മരിയ ഫെർണാണ്ടസ് തിരുമേനി. കാലാതിവർത്തിയായ ക്രിസ്തുദർശനം ഹൃത്തിലേറ്റി കാലത്തിന്റെ ചുവടുകൾക്കൊപ്പം അരികുവൽക്കരിക്കപ്പെട്ടവരുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൊല്ലം രൂപതയുടെ മിഷൻ കേന്ദ്രത്തിൽ വിശ്വാസികളുടെ ആത്മീയപാലനത്തിനും ഉൾനാടൻ

## ആതുര ശുശ്രൂഷ



[redacted]

ഗ്രാമപ്രദേശങ്ങളിൽ സാധാരണക്കാരുടെ ഉന്നമനത്തിനുമായി ഒരു പ്രേഷിത സ്വഭാവമുള്ള സന്യാസിനീ സഭയ്ക്ക് രൂപം കൊടുക്കുക എന്ന പിതാവിന്റെ സ്വപനത്തിന്റെ പൂർത്തീകരണമായാണ് ഉണ്ണിയേശുവിന്റെ വിശുദ്ധ കൊച്ചുത്രേസ്യായുടെ മിഷനറി സന്യാസിനി സമൂഹം ബീജാവാപം ചെയ്യുന്നത്. സ്വന്തം സ്വേദകണങ്ങളുടെ ലവണാംശം കൊണ്ട് തന്റെ പാദമുദ്രകൾ പതിഞ്ഞ മണ്ണിനെ വിശുദ്ധിയുടെ വിളഭൂമിയാക്കിയ സ്ഥാപക പിതാവിന്റെ ചൈതന്യം എം എസ്എസ്ടി സഭയുടെ ശുശ്രൂഷാ മേഖലകൾക്ക് പുത്തൻ മാനങ്ങൾ നൽകി. വിദ്യാഭ്യാസം, ആതുര സേവനം, വൃദ്ധരുടെയും അനാഥരുടെയും പരിചരണം, കുടുംബപ്രേഷിതത്വം, ഇടവകയിലെ അജപാലന ശുശ്രൂഷയിൽ സഹായിക്കൽ എന്നീ പ്രേഷിത രംഗങ്ങളിൽ സജീവ സാന്നിധ്യമാകാൻ ക്രിസ്തുവിന്റെ വ്രണിത മുഖം തുടയ്ക്കുവാൻ എം എസ് എസ് ടി സഭാതനയർ കർമ്മനിരതരാകുന്നു. സഭാ മധ്യസ്ഥയായ ഉണ്ണിയേശുവിന്റെ വിശുദ്ധ കൊച്ചുത്രേസ്യായുടെ അരൂപി ഞങ്ങളുടെ പ്രവർത്തനങ്ങൾക്കെന്നും മാർഗദീപമാണ്. ദിവ്യകാരുണ്യ സന്നിധിയിൽ നിന്ന് ആരംഭിക്കുന്ന ഞങ്ങളുടെ അനുദിന പ്രവർത്തനങ്ങൾക്ക് സഭാ മധ്യസ്ഥയിൽ ജ്വലിച്ചു നിന്ന ദൈവാശ്രയബോധവും, തിരുസഭയോടുള്ള അദമ്യമായ സ്നേഹവും എന്നും ഊർജ്ജം പകരുന്നതാണ്. കൊല്ലം രൂപതയുടെ സ്വന്തം സന്യാസിനീ സമൂഹമായി ജന്മമെടുത്ത എം എസ് എസ് ടി സഭ ദൈവകൃപയുടെ അംഗീകാരമായ 'പൊന്തിഫിക്കൽ പദവി'യിലേക്ക് ഉയർത്തപ്പെട്ടപ്പോൾ ദൈവാശ്രയബോധം മാത്രം കൈമുതലാക്കിയുള്ള ഞങ്ങളുടെ ആത്മീയ പ്രയാണത്തിൽ ചെറിയ അജഗണമെ ഭയപ്പെടേണ്ട എന്ന് ക്രിസ്തുമൊഴികൾ സാർത്ഥകമാവുകയാണ്...

ആറ് പതിറ്റാണ്ടുകൾ പിന്നിട്ട ശുശ്രൂഷാ മേഖലകൾ

ശുശ്രൂഷാമേഖലകളായ വിദ്യാഭ്യാസം, ആതുരശുശ്രൂഷ, വൃദ്ധരുടെയും അനാഥരുടെയും പരിചരണം, കുടുംബപ്രേഷിതത്വം, ഇടവകയിലെ അജപാലന പ്രവർത്തനങ്ങളിൽ സഹായിക്കൽ എന്നിവയിലൂടെ ന്യൂനപക്ഷങ്ങളുടെ സമുദ്ധാരകനായ സ്ഥാപക പിതാവിന്റെ ആഗ്രഹം സഫലമാക്കാൻ സഭാ മക്കൾക്ക് കഴിയുന്നുണ്ട്. ചുരുങ്ങിയ കാലയളവിൽ തന്നെ വിദ്യാഭ്യാസ രംഗത്ത് പ്രധാനമായും ഗ്രാമപ്രദേശങ്ങളിൽ ശാഖാഭവനങ്ങളോടു ചേർന്ന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുവാൻ എം എസ് എസ് ടി സഭയ്ക്കു കഴിയുന്നുണ്ട്. സഭയുടെ പ്രാന്ത പ്രദേശങ്ങളിൽ കഴിയുന്ന ന്യൂനപക്ഷരും, നിർധനരും ആയ ക്രൈസ്തവർക്ക് മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ഒരുക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ എം എസ് എസ് ടി സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നും ശ്രദ്ധിക്കുന്നുണ്ട്. മാവേലിക്കരയിലെ Infant Jesus ISC സ്കൂൾ,







മിഷൻ രൂപതയായ പുനലൂർ മേഖലയിലെ ചെറിയാട് ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന St. Joseph ICSE സ്കൂൾ MSST സഭയുടെ മാതൃഭവനത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന Cherupushpam CBSE സ്കൂൾ Cherupushpam High School (Kerala govt. recognised) എന്നിവ ഞങ്ങളുടെ പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഇതോടൊപ്പം എല്ലാ സമൂഹങ്ങളോടും ചേർന്ന് Lower Primary സ്കൂളുകൾ, നഴ്സറി ക്ലാസുകൾ എന്നിവ ഒരുക്കി ബാലമനസുകളിൽ അക്ഷര വെളിച്ചവും, ക്രിസ്തു സ്നേഹത്തിന്റെ ഊഷ്മളതയും, സനാതന മൂല്യങ്ങളും പകർന്നു കൊടുക്കുവാൻ മേരിമാതാ എഡ്യൂക്കേഷൻ ട്രസ്റ്റ് എന്ന പേരിൽ അറിയപ്പെടുന്ന MSST സഭയുടെ വിദ്യാഭ്യാസ സംരഭത്തിന് കഴിയുന്നുണ്ട്. ഈ വിദ്യാഭ്യാസ സംരംഭത്തിന് ആവശ്യമായ സാമ്പത്തിക കണ്ടെത്തുന്നതും, ആണ്ടുതോറുമുള്ള അറ്റകുറ്റപ്പണികൾ നടത്തി ആകർഷകമാക്കി ഒരു ജനതയുടെ ഉന്നമനത്തിനായി നിസ്വാർത്ഥതയോടെ നൽകുന്നതും സഭാമക്കളുടെ അനുദിന ചെലവുകൾ പരിമിതപ്പെടുത്തി സ്വരൂപിക്കുന്ന പണം കൊണ്ട് മാത്രമാണ്. ഗവൺമെന്റിൽ നിന്ന് മെയിന്റൻസ് ഗ്രാന്റ് പോലുള്ള ഒരു സഹായവും കൂടാതെ സഭയിലെ വിദ്യാഭ്യാസ ശുശ്രൂഷകൾ സ്ഥാപക പിതാവിന്റെ വീക്ഷണത്തിന് ഒട്ടും മങ്ങലേൽപ്പിക്കാതെ ചെയ്യുവാൻ എം എസ് എസ് ടി സഭയ്ക്കു ഇന്നും കഴിയുന്നത് ദൈവപരിപാലനയിൽ ഉള്ള ഉറച്ച വിശ്വാസം കൊണ്ട് മാത്രമാണ്.

അനുപമം, അതുല്യം ഈ വിദ്യാഭ്യാസ ശുശ്രൂഷകൾ

ആരംഭിക്കുന്ന പ്രവർത്തനങ്ങൾ എല്ലാം ശുഭമായി പര്യവസാനിക്കും എന്നുള്ള ശുഭാപ്തി വിശ്വാസത്തിന് ഞങ്ങൾക്ക് ധൈര്യം നൽകുന്നത് ഞങ്ങളുടെ ജീവിതം ആർക്കുവേണ്ടി സമർപ്പിച്ചുവോ ആ നാഥനായ യേശുവിൽ ഞങ്ങൾക്കുള്ള ആശ്രയ ബോധം ഒന്നുകൊണ്ടു മാത്രമാണ്. വിദ്യാഭ്യാസത്തിന്റെ പരമോന്നതമായ ലക്ഷ്യം ഒരു വ്യക്തിയുടെ സമഗ്ര വികസനം തന്നെയാണ് ബൗദ്ധികതലത്തിൽ വിജ്ഞാനം പകർന്നു കൊടുക്കുന്നതോടൊപ്പം എല്ലാ കുട്ടികൾക്കും ആധ്യാത്മിക വളർച്ചയും സന്മാർഗ്ഗ ചിന്തകളും ലക്ഷ്യബോധവും പകർന്നുകൊടുക്കുവാൻ എംഎസ്എസ്ടി സഭയിലെ വിദ്യാഭ്യാസ ശുശ്രൂഷകൾക്ക് കഴിയുന്നുണ്ട് എന്നതിന് തെളിവാണ് ഇന്ന് സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിൽ മെച്ചപ്പെട്ട നിലകളിൽ എത്തിച്ചേർന്ന ഞങ്ങളുടെ പൂർവ്വ വിദ്യാർത്ഥികൾ.

ഞങ്ങളുടെ സഹോദരിമാരിൽ ചില വിവിധ രൂപതകളുടെ കീഴിലുള്ള സ്കൂളുകളിൽ നിസ്തുലമായ സേവനം ചെയ്തു വരുന്നുണ്ട്. അവരായിരിക്കുന്ന അധ്യാപന മേഖലകളിൽ ഈ മിഷനറി സമൂഹത്തിന്റെ സിദ്ധിക്ക് അനുസൃതമായി പ്രവർത്തിക്കുന്നതിൽ അവർ അഭിമാനം കൊള്ളുന്നവരാണ്. വിവിധ സ്കോളർഷിപ്പുകൾക്ക് വി



ദ്യാർത്ഥികളെ ഒരുക്കിയും, ഉന്നത വിദ്യാഭ്യാസ സാധ്യതകളെ പ്രോത്സാഹിപ്പിച്ചും ന്യൂന പക്ഷക്കാരായ ക്രൈസ്തവരുടെ ഉന്നമനത്തിനായി MSST സഭാ സമൂഹം ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നു

ആതുരസേവനം എന്ന മഹത്തായ ദൗത്യം

ശരീരത്തിന്റെയും മനസ്സിന്റെയും സ്വസ്ഥതയാണ് ആരോഗ്യമെന്ന ലോകാരോഗ്യ സംഘടന പ്രസ്താവിക്കുന്നു. രോഗങ്ങൾ ഓരോ വ്യക്തിയിലും, കുടുംബങ്ങളിലും ചുറ്റുപാടുകളിലും നിരാശ ഉളവാക്കുന്ന ഘട്ടത്തിൽ ആതുര ശുശ്രൂഷകർക്ക് വ്യക്തിയുടെ മാനസികാവസ്ഥ മാറ്റിയെടുക്കാൻ നീ എനിക്ക് പ്രിയപ്പെട്ടവനാണ് എന്ന് ഓരോ രോഗിക്കും തോന്നത്തക്കവിധം നോട്ടത്തിലൂടെയും, സംസാരത്തിലൂടെയും, സ്പർശനത്തിലൂടെയും പരിചരണത്തിലൂടെയും അവന് പരിപൂർണ്ണ സൗഖ്യം നൽകി ദൈവ സ്നേഹത്തിലേക്ക് കൊണ്ടുവരുവാൻ എം എസ് എസ് ടി സഭയിലെ ആതുര ശുശ്രൂഷാ സംരഭമാണ് ലിറ്റിൽ ഫ്ളവർ ഹോസ്പിസ്. കൊച്ചി രൂപതയിലെ കണ്ണമാലി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സെന്റ് ജോസഫ് ഹോസ്പിറ്റൽ, പുനലൂർ രൂപതയിൽ ശൂരനാട് പ്രവർത്തിക്കുന്ന മരിയാനം ഹോസ്പിറ്റൽ, മാവേലിക്കരയിലെ ലിറ്റിൽ ഫ്ളവർ ആയുർവേദ ഹോസ്പിറ്റൽ, സെന്റ് ജറോം ഹോസ്പിറ്റൽ എന്നിവ ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന എം എസ് എസ് ടി സഭാ സ്ഥാപനങ്ങളാണ്. ആതുര സേവനം ഒരു ദൗത്യമായി കണ്ട്, മിഷൻ മേഖലയിലെ ജനങ്ങൾക്ക് ആരോഗ്യ പരിപാലനത്തിനുള്ള ആശാകേന്ദ്രങ്ങളായി പ്രളയകാലത്തും കോവിഡ് മഹാമാരിയുടെ സമയത്തും സഹോദരിമാർ മെഡിക്കൽ ക്യാമ്പുകളും സൗജന്യ മെഡിക്കൽ കിറ്റുകളും നൽകി അനേകർക്ക് ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തി. കേരളത്തിലെ വിവിധ രൂപതകളുടെ ആശുപത്രികളിലും, ഇന്ത്യയിലും, ജർമ്മനിയിലും വിവിധ ആശുപത്രികളിലും എം എസ് എസ് ടി സഹോദരിമാർ നഴ്സിംഗ് പരിശീലകരായും, നഴ്സിംഗ് ശുശ്രൂഷയിലും സേവനം ചെയ്തുവരുന്നു. ദരിദ്രരോടും പാവങ്ങളോടും പക്ഷം ചേർന്ന് സത്യത്തിന്റെയും നീതിയുടെയും പ്രകാശഗോപുരമായി മാറാൻ വൃദ്ധരുടെയും, അനാഥരുടെയും, നിർധനരുടെയും പരിചരണത്തിനായി അഭയകേന്ദ്രങ്ങൾ, ടെയ്ലറിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. കൊല്ലം രൂപതയിലെ മൈനാഗപ്പള്ളിയിൽ 'സായാഹ്നം' എന്ന പേരിൽ സ്ഥാപിതമായ വയോജന കേന്ദ്രം ജീവിതസായാഹ്നത്തിൽ ഒറ്റപ്പെട്ടുപോയവർക്ക് തണലേകുന്നു.

കുടുംബങ്ങളിലേക്ക് സാന്ത്വന കരം നീട്ടി...

ആസുരമായൊരു കാലഘട്ടത്തിലൂടെയാണ് നാം യാത്ര തുടരുന്നത്. കുടുംബ




# വിദ്യാഭ്യാസ ശുശ്രൂഷ



ബന്ധങ്ങൾ കൂടുതൽ ശിഥിലമായികൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ വിവിധ രൂപതകളുടെ BCC പ്രവർത്തനങ്ങളോട് ചേർന്ന് HOME MISSION ജീവകാരുണ്യ പ്രവർത്തനങ്ങൾ ഭവനസന്ദർശനങ്ങൾ എന്നിവയിൽ MSST സഹോദരിമാർ ക്രിയാത്മകമായി ഇടപെടുന്നുണ്ട് ഇവടവകയുടെ ആരാധനാക്രമത്തിൽ ദൈവജനത്തെ സജീവമാക്കുന്നതിലും, മതബോധനം തിരുബാലസഖ്യം, വിൻസെന്റ് ഡി പോൾ തുടങ്ങിയ ഭക്ത സംഘടനകളിലും ചേർന്ന് തിരുസഭയുടെ പ്രേഷിതപ്രവർത്തനത്തിൽ ഭാഗഭാക്കുകളാകാൻ സഹോദരിമാർ ശ്രദ്ധിക്കുന്നു. MSST സഭയുടെ സുവർണ്ണ ജൂബിലി സ്മാരകമായി നിർധനരായ അനേകം കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകുകയും മറ്റനേകം സാമ്പത്തികസഹായങ്ങൾ നൽകുവാനും ദൈവകൃപയാൽ സാധിച്ചത് ഒരു അനുഗ്രഹമായി കരുതുന്നു. കാലം കരുതിവയ്ക്കുന്ന നല്ല ഫലങ്ങൾ സ്വീകരിച്ച് സ്ഥാപകപിതാവിന്റെ നിയോഗശുദ്ധി പൂർത്തീകരിച്ചു, വിശുദ്ധ കൊച്ചുത്രേസ്യയുടെ ലളിത സുന്ദര ജീവിത ശൈലിയിലൂടെ MSST സഭാസമൂഹം ലോകത്തിനു മുഴുവൻ പുളിമാവായി പടർന്നു, 'പാവങ്ങളുടെ പക്ഷം' ചേർന്നു അവരുടെ സമഗ്രവികസനം ലക്ഷ്യമാക്കി ആത്മവിശ്വാസത്തോടെ മുന്നേറുകയാണ്...




# ബ്രദർനേഴ്സ് ഇനി വിശുദ്ധൻ

**ഫാ. പോൾസൺ കുന്നപ്പിള്ളി** SDB



2022 ഒക്ടോബർ 9ന് വാഴ്ത്തപ്പെട്ട ആർട്ടിമെഡിസ് സാത്തിയെ ഫ്രാൻസിസ് പാപ്പ വിശുദ്ധനായി പ്രഖ്യാപിച്ചതോടെ, ആഗോള കത്തോലിക്കാസഭയ്ക്ക് പ്രത്യേകിച്ച് ഡോൺ ബോസ്കോ പ്രസ്ഥാനത്തിന് സന്തോഷത്തിന്റെ നിമിഷങ്ങളാണ് സമ്മാനിച്ചത്. കോവിഡാനന്തര കാലഘട്ടത്തിൽ സ്വജീവൻ തൃണവൽഗണിച്ചും ആതുരശുശ്രൂഷയിൽ മുഴുകിയ മാതൃകാ വ്യക്തിത്വമായി ബ്രദർ സാത്തിയെ ലോകസമക്ഷം അവതരിപ്പിക്കാൻ സഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

ആർട്ടിമെഡിസ് സാത്തി 1880 ഡിസംബർ 12 ന ഇറ്റലിയിലെ എമിലിയ രജ്ജിയോ പ്രവിശ്യയിൽ ബൊറീത്തോ എന്ന സ്ഥലത്താണ് ജനിച്ചത്. കർഷക തൊഴിലാളികളായിരുന്ന അദ്ദേഹത്തിന്റ മാതാപിതാക്കൾ ദരിദ്രരും അദ്ധ്വാനശീലരുമായിരുന്നു. അവരിൽ നിന്നും പൈതൃകമായി ലഭിച്ച ലളിതവും ശക്തവുമായ വിശ്വാസം അദ്ദേഹത്തിന്റെ ഭാവിജീവിതത്തെ നിർണ്ണയിക്കുകയും പോഷിപ്പിക്കുകയും ചെയ്തു. സ്ഥലത്തെ വികാരിയച്ചനായിരുന്ന ഫ. കാർലോ കാവാലിയുമായുള്ള ആർട്ടിമെഡിസിന്റെ സൗഹൃദം സാത്തിയുടെ ഭാവിജീവിതത്തിന് നിർണായകമായി. ഫാ. കാർലോ ആർട്ടിമെഡിസിന് ഒരു ആത്മസുഹൃത്തും വിവേകശാലിയായ ഒരു കുമ്പസാരക്കാരനും വിദഗ്ധനായ ഒരു ആത്മീയനിയന്താവുമായിരുന്നു. അദ്ദേഹം ആർത്തെമെഡിസിനെ അനുദിന പ്രാർത്ഥനയും പ്രതിവാര കുദാശ സ്വീകരണവും പരിശീലിപ്പിച്ചു. ഫ. കാവാലിയുടെ ലൈബ്രറിയിൽ കണ്ടെത്തിയ ഡോൺബോസ്കോയുടെ ജീവചരിത്രം അവൻ ആവേശത്തോടെ വായിച്ചു.

ഡോൺ ബോസ്കോയുടെ ജീവിതത്തിൽ ആകൃഷ്ടനായ സാത്തി അദ്ദേഹം സ്ഥാപിച്ച സലേഷ്യൻ സന്യാസ സമൂഹത്തിൽ ചേർന്ന് ഒരു വൈദികനായി യുവജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കണമെന്ന് ആഗ്രഹിച്ചു. ഈ ആഗ്രഹം മനസ്സിലാക്കിയ ഫാ. കവാലി ആർട്ടിമെഡിസിനെ ബ്യൂവെനസ് ഐറെസിന് സമീപം ബർണ്ണാൽ എന്ന സ്ഥലത്ത്

സ്ഥിതി ചെയ്തിരുന്ന സലേഷ്യൻ സെമിനാരിയിൽ ചേരുവാൻ സഹായിച്ചു നിർഭാഗ്യവശാൽ 1902–ൽ നൊവിഷ്യേറ്റിൽ പ്രവേശിക്കുന്നതിന് തൊട്ടുമുൻപായി അദ്ദേഹത്തിന് ക്ഷയരോഗം പിടിപെട്ടു. ക്ഷയരോഗം പിടിപെടാനുള്ള കാരണമിതായിരുന്നു ആർട്ടിമെഡിസിന്റെ വിശ്വാസ്യതയും സേവന തത്പരതയും നന്നായിട്ട് അറിയാമായിരുന്ന മേലധികാരികൾ അദ്ദേഹത്തെ ക്ഷയരോഗത്താൽ വിഷമിച്ചിരുന്ന ഒരു യുവ വൈദികനെ ശുശ്രൂഷിക്കുവാനുള്ള ചുമതലയേൽപ്പിച്ചു തന്നെ ഭരമേല്പിച്ച ആ ഉത്തരവാദിത്വം ഏറ്റവും ശ്രദ്ധയോടെ ചെയ്യുന്നതിനിടയിൽ ആർട്ടിമെഡിസും ആ രോഗത്തിന് അടിമയാവുകയായിരുന്നു. ഈ സന്ദർഭത്തിലാണ് ഫാ. ഗാരോനെ മറ്റൊരു നിർദ്ദേശം മുന്നോട്ടു വച്ചത് തന്റെ ജീവിതം രോഗികളെ ശുശ്രൂഷിക്കുവാൻ വേണ്ടി സ്വയം സമർപ്പിച്ചുകൊള്ളാമെന്ന് പരിശുദ്ധ അമ്മയോട് വാഗ്ദാനം ചെയ്തുകൊണ്ട് സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാതാവിന്റെ മദ്ധ്യസ്ഥ ശക്തിയിൽ അടിയുറച്ച് വിശ്വസിച്ചുകൊണ്ട് അതു തന്നെയാണ് ആർട്ടിമെഡിസ് ചെയ്തത്. 1906–ൽ രോഗസൗഖ്യം ലഭിച്ചതിനെത്തുടർന്ന് ആർട്ടിമെഡിസ് സലേഷ്യൻ നൊവിഷ്യേറ്റിൽ പ്രവേശിച്ചു. 1908 ജനുവരി 11 ന് അദ്ദേഹം സലേഷ്യൻ സഭയിൽ അല്മായ സന്യാസ സഹോദരനായി വ്രത വാഗ്ദാനം ചെയ്തു.

1911 ഫെബ്രുവരി 11 നു ആർട്ടിമെഡിസ് തന്റെ നിത്യവ്രത വാഗ്ദാനം നടത്തി. അതേ വർഷം തന്നെ വിയെദ്മ സെന്റ് ജോസഫ് ഹോസ്പിറ്റലിന്റെ ഡയറക്ടർ ഫാഗരോനെയുടെ മരണത്തെ തുടർന്ന് ആ ആതുരാലയത്തിന്റെ ഉത്തരവാദിത്വം ബ്രദർ ആർട്ടിമെഡിസ്സിനു ഏറ്റെടുക്കേണ്ടിവന്നു. 1915 മുതൽ ഇരുപത്തിയഞ്ചു വർഷത്തോളം ബ്രദർ സാത്തി തന്നെയായിരുന്നു ആ ആശുപത്രിയുടെ ആത്മാവ്. അസാധാരണമായ ഊർജത്തോടും പരിത്യാഗബുദ്ധിയോടും വൈദഗ്ധ്യത്തോടും കൂടെ അദ്ദേഹം ഇവിടെ സേവനം ചെയ്തു. 1950–ൽ ജോലിക്കിടയിൽ സംഭവിച്ച ഒരു വീഴ്ചയെ തുടർന്ന് വിരമിക്കുകയാണുണ്ടായത്. ക്ലിനിക്കൽ പരിശോധനയിൽ അദ്ദേഹത്തിന്റെ കരളിൽ ഒരു ട്യൂമറുള്ളതായി കാണപ്പെട്ടു. ഈ രോഗത്തിന് ഒരു പ്രതിവിധി അസാധ്യമായിരുന്നു. തന്റെ രോഗാവസ്ഥ ബ്രദർ അംഗീകരിക്കുകയും രോഗത്തിന്റെ ഗതിയെക്കുറിച്ച് പൂർണ്ണമായ ഒരു അവബോധത്തിൽ ജീവിതം മുന്നോട്ട് കൊണ്ടുപോവുകയും ചെയ്തു. 1 9 5 1 മാർച്ച് 15നു ബ്രദർ സാത്തി നിര്യാതനായി. ഒരു പുരുഷായുസ്സ് മുഴുവൻ പാവപ്പെട്ട രോഗികളുടെ ശുശ്രൂഷക്കായി ചിലവഴിച്ച ഈ വ്യക്തിയുടെ ചരമ വാർത്ത അറിഞ്ഞതോടെ വിയേദ്മ പട്ടണത്തിലെ ജനങ്ങൾ ഒന്നടങ്കം ആദരാഞ്ജലികളർപ്പിക്കുവാൻ എത്തിച്ചേർന്നു. 'പാവങ്ങളുടെ ബന്ധു' എന്നാണ് അദ്ദേഹത്തെ ആ പരിസരത്ത് വിളിക്കപ്പെട്ടിരുന്നത്. ജീവിച്ചിരിക്കുമ്പോൾ തന്നെ ഒരു വിശുദ്ധനെന്ന് കരുതിയിരുന്ന ബ്രദർസാത്തിയുടെ ആ വിശുദ്ധിക്ക് സാക്ഷ്യമെന്നോണം സംസ്കാര ശുശ്രൂഷയ്ക്ക് എല്ലാ ഭാഗത്ത് നിന്നും ജനങ്ങൾ എത്തിച്ചേർന്നു. എത്രയും വേഗം അദ്ദേഹത്തിന്റെ നാമകരണ നടപടികൾ ആരംഭിക്കുവാൻ തീരുമാനിച്ചു. അങ്ങനെ 1980 മാർച്ച് 22നു രൂപതാ തലത്തിലുള്ള നാമകരണ നടപടികൾക്ക് തുടക്കം കുറിച്ചു. 2002 ഏപ്രിൽ 14ന് വി. ജോൺ പോൾ മാർപാപ്പ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവനായി പ്രഖ്യാപിച്ചു. ഡോൺ ബോസ്കോ സ്ഥാപിച്ച സലേഷ്യൻ കുടുംബത്തിലെ വിശുദ്ധരുടെ പട്ടികയിൽ ആദ്യമായിട്ടാണ് ഒരു ബ്രദർ (അല്മായ സന്യാസ സഹോദരൻ) സ്ഥാനം പിടിക്കുന്നത്. വൈദികരോടൊപ്പം തുല്യമായ പദവിയോടെ യുവജനപ്രേഷിതരംഗത്ത് പ്രവർത്തിക്കുന്ന സലേഷ്യൻ ബ്രദേഴ്സിനും ഇത് അഭിമാനത്തിന്റെ നിമിഷങ്ങളാണ്.




# ക്രിസ്തുരാജൻ വിളിക്കുന്നു വരൂ ഞാൻ നിങ്ങളെ അശ്വസിപ്പിക്കാം

**ആന്റണി ജോർജ്ജ്**



ദക്ഷിണേന്ത്യയിലെ അതിപ്രശസ്ത ക്രൈസ്തവ തീർത്ഥാടനകേന്ദ്രങ്ങളിൽ പ്രമുഖ സ്ഥാനത്ത് വിരാജിക്കുന്ന പുണ്യഭൂമിയാണ് വെട്ടുകാട് മാദ്രെ ദെ ദേവൂസ്. മാദ്രെ എന്ന സ്പാനിഷ് പദത്തിന്റേയും ദേ ദേവൂസ് എന്ന പോർച്ചുഗീസ് പദത്തിന്റേയും സമ്മിശ്ര രൂപമാണ് മാദ്രെ ദെ ദേവൂസ് എന്ന നാമം. ദൈവമാതാവ് എന്നാണ് ഈ നാമത്തിന്റെ അർത്ഥം. ദൈവമാതാവായ പരിശുദ്ധാമറിയത്തിന്റെ നാമത്തിൽ വെട്ടുകാടിലെ ദേവാലയം സ്ഥാപിച്ചത് വിശുദ്ധ ഫ്രാൻസിസ് സേവ്യറാണ്.

1542 ൽ ഗോവയിലെത്തിയ വിശുദ്ധ ഫ്രാൻസിസ് സേവ്യർ 1544 ലാണ് സുവിശേഷ പ്രഘോഷണാർത്ഥം തിരുവിതാംകൂറിൽ എത്തുന്നത്. വിശുദ്ധൻ വെട്ടുകാട് എത്തുമ്പോൾ പരിശുദ്ധാമറിയത്തിന്റെ അമ്മയായ വിശുദ്ധ അന്നയുടെ നാമത്തിൽ ഒരു കപ്പേളയും അതിനുള്ളിൽ ഒരു കരിങ്കൽ കുരിശും ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഇന്ന് മിസ്റ്റിക്കൽ റോസ് കോൺവെന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്തായിരുന്നു ഈ കപ്പേള ഉണ്ടായിരുന്നത്. പോർച്ചുഗീസുകാരുടേയും വിശുദ്ധന്റേയും വരവിന് മുമ്പുതന്നെ വെട്ടുകാട് ഉൾപ്പെടെയുള്ള തീരദേശഗ്രാമങ്ങളിൽ അഭിവൃദ്ധിപ്രാപിച്ച ഒരു ക്രൈസ്തവ സമൂഹം ഉണ്ടായിരുന്നു എന്നതിന് ഇത് തെളിവാണ്.

16–ാം നൂറ്റാണ്ടിൽ വിശുദ്ധ ഫ്രാൻസിസ് സേവ്യറിനാൽ സ്ഥാപിതമായ പ്രാചീന ദേവാലയം 1890ലാണ് പുതുക്കി പണിയുന്നത്. ഗോഥിക് മാതൃകയിൽ പണിത പ്രസ്തുത ദേവാലയത്തിന്റെ മുഖ്യ ആകർഷണം അതിന്റെ ലംബാകൃതിയിലുള്ള ഗോപുരമായിരുന്നു.



**ആധുനിക ദേവാലയം ശില്പ ഭംഗിയുടെ മകുടം.**

2009 ലാണ് വെട്ടുകാടിലെ ഇന്നത്തെ ദേവാലയത്തിന്റെ പുനർ നിർമ്മാണം ആരംഭിക്കുന്നത്. പരമ്പരാഗതമായ ഗോഥിക്, റോമൻ, ബൈസന്റൈൻ, ഭാരതീയ വാസ്തുവിദ്യകൾ സമന്വയിച്ച പുതിയ ദേവാലയം 2018 ൽ തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ മെത്രാപൊലീത്ത മോസ്റ്റ് റവ. ഡോ. സൂസപാക്യം തിരുമേനി വെഞ്ചരിച്ച് വിശ്വാസികൾക്ക് തുറന്നുകൊടുത്തു. ശില്പഭംഗിയും നിറച്ചാർത്തുംകൊണ്ട് തീർത്ഥാടകരുടെ മനം മയക്കുന്ന പുതിയ ദേവാലയം സന്ദർശിക്കുന്നതിന് വൻ തിരക്കാണ് അനുഭവപ്പെടുന്നത്. വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ സാധാരണയായുള്ള തിരക്ക് ക്രിസ്തുരാജത്വത്തിരുനാൾ അവസരങ്ങളിൽ അസാധാരണമാം വിധം വർദ്ധിക്കുന്നു.

വെട്ടുകാടിന്റെ പുണ്യഭൂമിയിൽ അനുദിനം നടക്കുന്ന അത്ഭുതങ്ങളെ ആദരവോടെയാണ് ഭക്തജനങ്ങൾ നോക്കിക്കാണുന്നത്. നാനാജാതി മതസ്ഥർ ആരുടെയും പ്രലോഭനങ്ങൾക്ക് അടിമപ്പെടാതെ, അവരുടെ ജീവിതത്തിന്റെ ഏകാശ്രയമായി ക്രിസ്തുരാജസന്നിധിയിലേയ്ക്ക് കടന്നു വരുന്ന കാഴ്ച അതിശയകരമാണ്. വെട്ടുകാട് ക്രിസ്തുരാജസന്നിധി അത്ഭുതകരമാണ്. ആശ്വാസദായകമാണ്. ആനന്ദകരമാണ്. കാരണം ഇവിടെ കടന്നു വരുന്നവർ "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്നു പറഞ്ഞ ജീവനുള്ള ദൈവപുത്രനായ യേശുവിനെ രണ്ടായിരം വർഷങ്ങൾക്കിപ്പുറം ഇവിടെ കണ്ടുമുട്ടുന്നു... അവന്റെ സൗഖ്യവും സ്പർശനവും ഏറ്റു വാങ്ങുന്നു.

വെട്ടുകാടിലെ ആചാരാനുഷ്ഠാനങ്ങളിൽ പ്രധാനമാണ് ഇവിടുത്തെ നേർച്ചനൂലും, എണ്ണയും ഈ പ്രദേശത്തെ മണ്ണും നേർച്ചനൂൽ കൈയ്യിൽ കെട്ടുന്നതു വഴി ധൈര്യവും സംരക്ഷണവും അനുഗ്രഹവും ലഭിക്കുന്നതായി പലരും പങ്കുവയ്ക്കുന്നു. അതുപോലെയാണ് ഇവിടത്തെ ഒരു പിടി മണ്ണു കൊണ്ടുപോയി തന്റെ വാസസ്ഥലത്ത് നിക്ഷേപിച്ച് വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നവ സാധിക്കുമെന്ന് വിശ്വസിക്കുന്നവർ അനേകർ. ക്രിസ്തുരാജനിൽ വിശ്വാസമർപ്പിച്ച് ഇവിടേക്ക് എല്ലാ ദിവസവും പ്രത്യേകിച്ച് വെള്ളിയാഴ്ചകളിൽ കടന്നു വന്ന് തീക്ഷ്ണതയോടെ പ്രാർത്ഥിക്കുന്ന പതിനായിരങ്ങളുടെ പ്രാർത്ഥനാ ഊർജം ഇവിടത്തെ അന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കുന്നു.

# അണയുന്നില്ല വിശ്വാസത്തിന്റെ പ്രകാശവീചികൾ

സാംസൺ കളത്തിപ്പറമ്പിൽ

SPECIAL FEATURE



9 വർഷം ഇടവക വികാരി ആയിരുന്ന ഒരു വൈദികനെ 100 വർഷങ്ങൾ കഴിഞ്ഞും വരാപ്പുഴ അതിരൂപതയിലെ മരട് ഇടവകയും സമീപ ഗ്രാമങ്ങളും ഓർമ്മിക്കുമ്പോൾ അത് ഒരു ദൈവനിയോഗത്തിന്റെ പ്രകാശനാളമായി വിശ്വാസികളുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുകയാണ്. ദൈവദാസനായ ജോർജ് വാകയിലച്ചൻ ഈ ഗ്രാമങ്ങളിൽ ചൊരിഞ്ഞ വിശ്വാസ സൗരഭം ഇന്നും മരട് മേരി മാദ്ലിൻ ഇടവകയിലേക്ക് അനേകരെ ആകർഷിക്കുന്നു. ജീവിച്ചിരിക്കുമ്പോൾ തന്നെ "പുണ്യാളൻ അച്ചൻ എന്ന് ജനങ്ങൾ വിളിച്ച് തുടങ്ങിയത് തന്നെ ആ ജീവിതത്തിന്റെ വിശുദ്ധി തൊട്ടറിഞ്ഞതുകൊണ്ടായിരുന്നുവല്ലോ. തന്റെ ജീവിതം ദൈവസ്നേഹത്തിനും കാരുണ്യ പ്രവർത്തനങ്ങൾക്കും മാത്രമായി ജീവിച്ച പുണ്യപുരുഷനാണ് ദൈവദാസൻ ജോർജ് വാകയിലച്ചൻ. കേരള റോമൻ കത്തോലിക്കാ സഭയുടെ ചരിത്ര പ്രാധാന്യമുള്ള കൂനമ്മാവ് എന്ന ചെറുഗ്രാമത്തിലാണ് ജോർജ് വാകയിലച്ചന്റെ ജനനം. കൂനമ്മാവ് വാകയിൽ കുടുംബത്തിൽ പൈലി –ഫ്രാൻസിസ്കോ ദമ്പതികളുടെ മൂന്നാമത്തെ പുത്രനായിട്ടാണ് 12–09–1883 ൽ ജോർജ് ജനിച്ചത് ജ്ഞാനസ്നാനവും മറ്റു കൂദാശകളും വിശുദ്ധ ഫിലോമിനാ ദേവാലയത്തിൽ നിന്ന് സ്വീകരിച്ചു. വൈദിക പഠനത്തിനുശേഷം 1912 ഡിസംബർ 30–ാം തീയതി വരാപ്പുഴ അതിരൂപതയുടെ രണ്ടാമത്തെ മെത്രാപ്പോലീത്ത ബെർണാദ് അർഗ്വിൻസോൺസ് പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. മരട് മൂത്തേടം ഇടവക വികാരിയായി 1922 നവംബറിൽ നിയമിതനായി. വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും, സംഭാഷണത്തിലും മിതത്വം പാലിച്ച അച്ചനെ ഇടവകാംഗങ്ങൾ സ്വന്തം കുടുംബാംഗമായി കണ്ട് തുടങ്ങി. ദേവാലയത്തിന്റെ ശോചനീയാവസ്ഥയും ഇടവകയുടെ സാമ്പത്തിക ഭദ്രതയും മോശമാണെന്ന് മനസ്സിലാക്കിയ അച്ചൻ പള്ളിയുടെ ദൈനംദിന ചിലവുകൾ ചുരുക്കിയും പള്ളിവക വസ്തുക്കളിൽ ഇടവകാംഗങ്ങളുടെ സഹകരണത്തോട്ടുകൂടി കൃഷി ചെയ്തും വരുമാനം വർദ്ധിപ്പിച്ചു. ജീവിതത്തിൽ വിശുദ്ധി കാത്ത് സൂക്ഷിച്ച് വന്നിരുന്ന വാകയിലച്ചന്റെ ശ്വാസകോശ സംബന്ധമായ രോഗവും കാലിലെ പഴുപ്പിന്റെ വേദനയും മൂലം എറണാകുളം ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

1931 നവംബർ 4–ാം തീയതി മരട് ഗ്രാമത്തിന്റെയും മൂത്തോടം ഇടവകയുടേയും സ്നേഹപാത്രമായ വാകയിലച്ചൻ നിര്യാതനായി. അന്നുതന്നെ വൈകുന്നേരം 5 മണിക്ക് മൃതദേഹം സംസ്കരിച്ചു. മൃതദേഹം സംസ്കരിക്കുന്നതിന് മുൻപ് തന്നെ ജനങ്ങൾ അദ്ദേഹത്തെ "അച്ചൻ പുണ്യാളൻ" എന്ന് വിളിക്കുവാൻ തുടങ്ങി. അന്നു പ്രകാശിച്ച പ്രകാശധാര അച്ചന്റെ കുഴിമാടത്തിൽ നിന്ന് ഇന്നും പ്രകാശം പരത്തിക്കൊണ്ടിരിക്കുന്നു. എല്ലാ വർഷവും നവംബർ 4–ാം തീയതി ചരമവാർഷിക ദിനം ഭക്തി ആദരവോടെ ആചരിച്ചുവരുന്നു.



വാർത്തയും ചിന്തയും

# ആഗോള വിശപ്പിന്റെ സൂചിക: നാം പാക്കിസ്ഥാന്റെ പിന്നിലോ ?

വാർത്ത

**ആന്റണി ചടയംമുറി**

2022 ഒക്ടോബർ 15ന് ആഗോള വിശപ്പിന്റെ സൂചിക പുറത്തിറങ്ങി. ഇതനുസരിച്ച് 121 രാജ്യങ്ങളുള്ള പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം 107- ാം സ്ഥാനത്താണ്. നമുക്ക് പിന്നിലുള്ള ഏക ഏഷ്യൻ രാജ്യമായ അഫ്ഗാനിസ്ഥാൻ 109-ാം സ്ഥാനത്തുണ്ട്. പാക്കിസ്ഥാൻ (99) ബംഗ്ലദേശ് (84) ശ്രീലങ്ക (64) എന്നിങ്ങനെയാണ് ഈ പട്ടികയിൽ ഇടം പിടിച്ചിട്ടുള്ളത്. ഇന്ത്യ 2020-ൽ 94-ാം സ്ഥാനത്തും 2021-ൽ 101-ാം സ്ഥാനത്തുമായിരുന്നു. നമ്മെ ചിന്താകുലരാക്കുന്ന മറ്റൊരു കാര്യമുണ്ട്. ഇന്ത്യയിലെ 19.3 ശതമാനം കുട്ടികൾക്കും വേണ്ടത്ര പോഷകാഹാരം ലഭിക്കുന്നില്ല. എന്നാൽ കുട്ടികളിലെ വളർച്ചാ മുരടിപ്പിന്റെ കാര്യത്തിൽ 2012-16 കാലഘട്ടത്തിൽ 38.7 ശതമാനമായിരുന്നത് ഇപ്പോൾ 35.5 ശതമാനവും ശിശുമരണം 2014-ൽ 4.5 ശതമാനമായിരുന്നത് 3.3 ശതമാനമായും കുറഞ്ഞിട്ടുണ്ട്. ഈ കണക്ക് കേന്ദ്രസർക്കാർ അംഗീകരിക്കുന്നില്ലെങ്കിലും 'വിശപ്പ് രഹിത ഭാരതം' നമ്മുടെ ലക്ഷ്യങ്ങളിൽ മുഖ്യസ്ഥാനത്തുണ്ടാകണം.

ചിന്ത

നമ്മൾ അർത്ഥവിജ്ഞാനപരമോ ആശയവാദപരമോ ആയ തർക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോൾ, നമ്മുടെ സഹോദരീ സഹോദരന്മാരെ വിശപ്പും ദാഹവും കൊണ്ട് മരിക്കാനും പാർപ്പിടമില്ലാതെ ആരോഗ്യ ശുശ്രൂഷ ലഭിക്കാതെ കഴിയാനും വിട്ടുകൊടുക്കുകയാണ്.

**ഫ്രാൻസിസ് പാപ്പ** (എല്ലാവരും സഹോദരർ – നമ്പർ 189)





മരട് മൂത്തേടം വിശുദ്ധ മേരി മാഗ്ദലിൻ ദേവാലയത്തിൽ

# ദൈവദാസൻ ജോർജ് വാകയിലച്ചന്റെ 91-ാമത് ചരമവാർഷികാഘോഷം

2022 നവംബർ 3, 4 തീയതികളിൽ

2022 നവബർ 3, 5.30 PM
ദിവ്യബലി
മുഖ്യകാർമ്മികൻ :
**മോസ്റ്റ് റവ.ഡോ. ഫ്രാൻസിസ് കല്ലറക്കൽ**
**(ബിഷപ്പ് എമരിത്തൂസ്, വരാപ്പുഴ അതിരൂപത)**





2022 നവബർ 4, 9.30 A.M
തിരുനാൾ ദിവ്യബലിയും നേർച്ച ആശിർവാദവും
മുഖ്യകാർമ്മികൻ
**മോസ്റ്റ് റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ**
**(വരാപ്പുഴ മെത്രാപ്പൊലീത്ത)**

വെരി. റവ. ഫാ. ജോസഫ് ചേലാട്ട്
(ചെയർമാൻ വികാരി)



**ഏവർക്കും സ്വാഗതം**

**തിരുനാൾ നേർച്ച സദ്യ രാത്രി 9 വരെ**

VATHICAN THARANGAM
RN 55178/94
Total Pages 36 Date of Publication 30-10-2022




Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C.
Vennala P.O. , Kochi - 682028 and published at Vatican Radio Office,
P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.